
എസ് കെ വി എച് എസ് എസ്
നന്ദിയോട്
ഇ – മധുരം

# ആമുഖം

അറിവിന്റെയും വിജ്ഞാനത്തിന്റെയും ശാന്ത ഗംഭീര സ്വരമായി , ഗ്രാമീണഭംഗിയുടെ എല്ലാവിധ നന്മയേയും ഐശ്വര്യത്തേയും ബഹുമാനിച്ചുകൊണ്ടും അറിവിന്റെ ശിക്ഷണ ശാലയായ എസ്. കെ വി എച്ച് എസ്സ് എസ്സ് 83 വർഷങ്ങൾ പിന്നിടുന്ന ദീർഘകാല സ്വപ്നാവിഷ്കാരമെന്ന പോലെ കുഞ്ഞുപൂമ്പാറ്റകളുടെ കലാശില്പങ്ങളുമായ് ഐ. റ്റി യുടെ വിസ്മയ ചിറകുകൾ " **ഇ-മധുരം**" അവതരിപ്പിക്കപ്പെടുകയാണ്.

# എഡിറ്റോറിയൽ

പുതു പ്രതിഭകൾക്ക് ജന്മം നൽകുന്ന സ്കൂൾ മാഗസിനുകൾ നമുക്കിടയിൽ സുപരിചിതമാണ്. എന്നാൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ കഴിഞ്ഞ വർഷമാണ് ഡിജിറ്റൽ മാഗസിൻ എന്ന ആശയവുമായി ലിറ്റിൽ കൈറ്റ്സും എസ് കെ വി എച്ച് എസ്സ്.എസ്സും ഒത്തുചേർന്ന് "***വിരൽത്തുമ്പിലൂടെ***" എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നത് . ഈ വർഷം ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽമാഗസീനാണ് **"ഇ-മധുരം"** ആസ്വാദകരിലേക്കു എത്തിക്കുവാൻ ഈ സംരംഭത്തിലൂടെ നമുക്ക് കഴിഞ്ഞു. കുട്ടികളുടെ ആശയങ്ങളും കഠിനാധ്വാനവും ഇച്ഛാശക്തിയും ഈ മാഗസിന് യാഥാർഥ്യ മനോഭാവം പ്രദാനം ചെയ്യുന്നതിന് അഭിവാജ്യഘടകമായി തീരുന്നു. കഥകൾ ഒരു പുതിയ ലോകം സൃഷ്ടിക്കുന്നു .കവിതകൾ ആത്മാവിനെ തൊട്ടുണർത്തുന്നു. ചിത്രങ്ങൾ മായാജാലങ്ങൾ ആകുന്നു. സാങ്കേതിക വിദ്യകളുടെ ഗർത്തങ്ങളിൽ അകപ്പെടാതെ കുട്ടികളെ സാങ്കേതിക വിദ്യകളുടെ പ്രകാശലോകത്തിലേക്കു എത്തിക്കുവാൻ **ഇ-മധുരം** എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങളേവർക്കും സന്തോഷപൂർവം സമർപ്പിക്കട്ടെ .

ആദിത്യ. എ. എസ്

മാഗസിൻ എഡിറ്റർ



ആദിത്യ. എ. എസ്

മാഗസിൻ എഡിറ്റർ



എഡിറ്റോറിയൽ ബോർഡ്:

**അന്ന റോജി**

**ആൻലിയ പോൾ**

**അനഘ.എ.എസ്**

**ആദിത്യ.എസ്.എ**

**ആമിന.എച്ച്**

**ആസിയബീവി.**

**ആതിര.എം**

**ബിജിന. പി**

**പ്രണേഷ് രാജ്.ആർ.എസ്**

**അശ്വതി. ജെ. ബി**

**വര: പ്രണേഷ് രാജ്. ആർ. എസ് [ IX**

# സന്ദേശം




ഡിജിറ്റൽ സാങ്കേതിക വിദ്യ വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ കാലഘട്ടത്തിൽ ഗ്രാമീണതയുടെ പരിമിതികൾ ഭേദിച്ച് ഊർജസ്വലരായി പാറിപറക്കുകയാണ് നന്ദിയോട് എസ്സ്. കെ വി എച്ച് എസ്. എസ്സിലെ കരുന്നുപ്രതിഭകൾ. ഒരു കളിയിലിൽ നിന്നും തുടങ്ങി 83 വർഷം പിന്നിടുമ്പോൾ, ഹയർ സെക്കന്ററി ഹൈടെക് സ്കൂൾ ആയി മാറി, പുതിയ കലാശില്പികളെ വാർത്തെടുത്ത് അഭിമാനപൂർവം മുന്നേറുന്നു. പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഇന്ന് നമ്മുടെ കുട്ടികൾ മുൻപന്തിയിലാണ്. ഇതിനൊരു കൈത്താങ്ങായി ലിറ്റിൽ കൈറ്റ്സ് പ്രവർത്തിക്കുന്നു. നമ്മുടെ സ്കൂളിലെ

ലിറ്റിൽകൈറ്റ്സിലെ കുട്ടുകാർ അഭിമാനപൂർവം നിങ്ങൾക്കായി സമർപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ ആണ് **"ഇ-മധുരം".** കുട്ടികളോടൊപ്പം അദ്ധ്യാപകരും ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി പുതിയ ആശയങ്ങളും വിവരങ്ങളും കോർത്തിണക്കി"

ഇ- വിദ്യാഭ്യാസത്തിന്റെ എല്ലാ ഗുണങ്ങളും ഉൾകൊള്ളിച്ച് തയ്യാറാക്കിയ, ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു .

പ്രഥമാധ്യാപിക
ജി.രജിത

ഉള്ളടക്കം


- പ്രതിധ്വനി.........................................................09
- സഹജീവികളോടുള്ള കരുതൽ....................11
- മഴ.....................................................................12
- കോഴിവളർത്തൽ ചില
- നാട്ടറിവുകൾ..................................................13
- കാർഷിക ക്വിസ് ചോദ്യം...............................14
- എങ്ങുപോയ് നീ.................................................16
- സ്നേഹത്തിൻ തൂവൽ സ്പർശം......................17
- അടിപ്പറമ്പ് വനവും സൗന്ദര്യവും.................18
- ശ്രീനിവാസ രാമാനുജൻ................................21
- കാത്തുനിൽപ്പ്....................................................23
- കൊതുക് ജന്യരോഗ നിയന്ത്രണത്തിൽ
- വിദ്യാർഥികളുടെ പങ്ക്....................................24
- ഓർമ്മകളിലൂടെ................................................28
- ആനേം ഉറുമ്പും.................................................30
- എന്റെ അനുഭവക്കുറിപ്പ്.................................31
- കൈറ്റ്സും ഞങ്ങളും.......................................32
- എന്റെ വിദ്യാലയം..........................................35
- ഗുരു....................................................................36
- സൈബർ കുറിപ്പുകൾ......................................37
- വെൺ നിലാവ്...................................................39
- ചോദിച്ചു പറയാം............................................40
- ഇന്റർനെറ്റ്.......................................................42
- കല്ലാട്ടും മുറ്റത്ത് നെല്ലാടില്ല..........................46
- ജീവിതം...........................................................51

- മാതൃദീപം.........................................................52
- മിന്നുവിന്റെ സഹായം..................................53

- അലമാരയിലെ സ്വപ്നങ്ങൾ.........................56
- യൂക്ലീഡ്...........................................................59
- മഴ നനഞ്ഞൊരെന്റെ ബാല്യം.................60
- പ്രതീക്ഷ............................................................61
- FRIENDS..........................................................67
- TIPS TO SAVE WATER FROM
- KITCHEN TO PADDY......................................68
- FRIENDSHIP....................................................70
- FRIENDS ARE ANGEL....................................71
- LESS SALT GOOD SLEEP.............................72
- THE LION AND THE BOAR...........................73
- ഈ വർഷത്തെ പ്രവർത്തനങ്ങളിലേക്ക്
- ഒരെത്തിനോട്ടം.................................................74
- OUR LITTLE KITES..........................................75
- IT മേള സബ്ജില്ല വിജയികൾ...........................76

# പ്രതിധ്വനി

പ്രതിഷേധിക്കാൻ ശക്തിയില്ല
പ്രതിധ്വനിക്കാൻ ശബ്ദമില്ല
പകലന്തിയോളം പണിയെടുപ്പിച്ചിട്ട്
പണമില്ല ;പൊയ്ക്കോളു എന്നു കല്പിക്കുമ്പോൾ
അടിയങ്ങൾക്കതിനെതിരെ ഉരിയാടുവാൻ
അരുമയായുള്ളോരു നാവു പൊങ്ങുന്നില്ല
ആളിപ്പടരുന്നൊരഗ്നിജ്വാലയായ്
ആത്മാവിന് വേദന നീറിപ്പടരുന്നു
നാളുകളേറെയായ് അടുപ്പു പുകഞ്ഞിട്ട്
നാഴിയരിയിട്ട് കാച്ചികുടിച്ചിട്ട്
പഞ്ഞക്കെട്ടുതിയിൽ പള്ളകൾ നീറുമ്പോൾ
പൈദാഹം മൂത്തിട്ട് പൈതങ്ങൾ കേഴുമ്പോൾ
വാക്കുകളോതിയാൽ വയറുനിറയില്ല
വാഗ്ദാനം കേൾക്കുമ്പോൾ വിശപ്പുമാറില്ല
ജീവിതറിക്ഷ വലിക്കുന്നോർ ഞങ്ങൾക്കു
ഭാവനകൊണ്ടു ജീവിക്കുവാൻ കഴിയില്ല
ലോട്ടറിക്കാരന് തൻ മോഹനവിളിപോലെ

'നാളെ നാളെ നീളെ' ഭാഗ്യം നിങ്ങൾക്കായ്
കേട്ടു മടുത്തപ്രത്യാശ തൻ വാക്കുകൾ
നാട്ടിലെങ്ങും പാട്ടുപോലെ മുഴങ്ങുന്ന
കുന്നോളം സ്വപ്നങ്ങൾ നെയ്തുമനസ്സിന്
കുന്നിക്കുരു പോലും തരാത്തതെന്തേ?
മുന്നിലിരുളാണ് കൂരിരുളെന്നാലും
എന്നിനി മിന്നാമിനുങ്ങിനെ കാണും ഞാൻ
തിമിരം ബാധിച്ച കണ്ണുകളെ
ബധിരം ഭാവിച്ചൊരു കാതുകളെ
സഹജീവി സ്നേഹവും കാരുണ്യവും
ഉറവ വറ്റിപ്പോയോ നിങ്ങൾ തന്നിൽ?

**സന്ധ്യാഗോപിനാഥ്**

**ടീച്ചർ**

# സഹജീവികളോടുള്ള കരുതൽ

4500 കോടി വർഷം മുൻപ് ഭൂമി ഉണ്ടായി എങ്കിലും ജീവന്റെ ആദ്യത്തെ ലക്ഷണം കണ്ടത് 3500 കോടി വർഷങ്ങൾക്ക് മുൻപ് മാത്രമാണ് . ആധുനിക മനുഷ്യൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടിട്ട് 18 ലക്ഷം വർഷം മാത്രമേ ആയുള്ളൂ. നമുക്കു മുൻപേ വന്നവരാണ് ഭൂമിയിലെ മറ്റ് എല്ലാ ജീവജാലങ്ങളും. അവർക്ക് കൂടി അവകാശപ്പെട്ടതാണ് ഈ നദികളും ,പുഴകളും, തടാകങ്ങളും എന്നത് നമ്മൾ മറന്നു പോകുന്നു.

ഒരു മൺപാത്രത്തിൽ വെള്ളമെടുത്ത് ടെറസിലോ വീട്ടുമുറ്റത്തോ വയ്ക്കുക .മനുഷ്യർക്കു മുൻപേ വന്ന പക്ഷികൾക്കും ,അലഞ്ഞുതിരിയുന്ന നായ്ക്കൾക്കും ഇത്തിരി വെള്ളം കിട്ടട്ടെ . സമ്പൂർണ്ണ വരൾച്ചയിൽ മരിച്ചുവീഴുന്നതിനുമുൻപ് നമുക്ക് ചെയ്യാൻ പറ്റുന്ന ചെറിയ ചെറിയ നന്മകളാണിവ.

സമ്പാ: സൗഭാഗ്യ . 9 f

# മഴ

മനസ്സിന്റെ മണിചെപ്പിൽ പഴമതൻ ഓർമ്മകൾ
വാരിവിതറി,തുള്ളിക്കളിച്ചെത്തുന്ന മഴ
ഹൃദയത്തിൻ നൊമ്പരങ്ങൾ മായ്ക്കുന്ന
തുള്ളികളായ്,



പുതുജീവനേകി മഴയെത്തി
മഴതൻ സൗന്ദര്യത്തിൽ ആറാടിയ
എൻ ബാല്യം ഞാൻ ഓർത്തുപോയി
അനന്തമാം സാഗരത്തിൽ ഒഴുകിയെത്തുന്ന
ജീവിതസ്വപ്നത്തിൻ സ്മരണയാം മഴ
പെയ്തിറങ്ങുന്ന മഴ എൻ മനസ്സിൽ
പുതുജീവൻ തൻ നിലാശോഭയാണ്
വേനലിൽ പൊള്ളുന്ന അമ്മ തൻ മാറിനെ
ആശ്വസിപ്പിച്ചുകൊണ്ടീ സ്നേഹമഴ പെയ്യുന്നു.

സമ്പാ: അനഘ എ എസ്

# കോഴിവളർത്തൽ ചില നാട്ടറിവുകൾ

.കോഴികൾക്ക് ചക്കക്കുരു പുഴുങ്ങി പൊടിച്ചു കൊടുത്താൽ കൂടുതൽ മുട്ടയിടും. ഒപ്പം മുട്ടകളുടെ വലിപ്പവും കൂടും.

.കോഴികൾക്ക് മുട്ട കുറഞ്ഞാൽ പപ്പായയുടെ ഇല അരിഞ്ഞ് കൊടുക്കുക.

.കോഴികൾ തമ്മിൽ കൊത്തി കണ്ണടഞ്ഞപോയാൽ അപ്പമരത്തിന്റെ കറ പുരട്ടുക.

.കോഴികൾ തമ്മിൽ കൊത്താതിരിക്കാൻ കൂട്ടിൽ ശീമ കൊന്നയില തൂക്കിയിടുക.

.കോഴികൾക്ക് വസന്ത വന്നാൽ ചുവന്നുള്ളി ചതച്ച നീരു കുടിപ്പിക്കുക.

.തോടില്ലാത്ത മുട്ടയിടാതിരിക്കാൻ കോഴിയെ ചുണ്ണാമ്പു കലക്കി തെളിനീരു കുടിപ്പിക്കുക.അല്ലെങ്കിൽ കക്ക പൊടിച്ച് കൊടുക്കുക.

.കോഴിയുടെ കാലൊടിഞ്ഞാൽ ഉപ്പും ചാരവും ചേർത്ത് പുരട്ടി തുണികൊണ്ട് മുറിക്കികെട്ടുക.

.കോഴിയുടെ ദേഹത്തെ ചെള്ള് പോകുന്നതിന് പുകയില കലക്കിയ വെള്ളം തളിക്കുക.

.കോഴിയ്ക്കു പനി വന്നാൽ മൂക്കിൽ തൂവൽ തിരുകി വിടുക.

*.കോഴിക്ക് പുളിങ്കുരുപൊടി കൊടുത്താൽ നെയ്യെട്ടുന്നത് ഒഴിവാക്കാം.*



*സമ്പാ: ആൻലിയ. 9 c*

# കാർഷിക ക്വിസ് ചോദ്യം

1.ബ്ലോക്ക് റബ്ബറിന് ഇന്ത്യയിൽ നൽകി വരുന്ന ഗ്രേഡുകൾ എത്രയാണ്?



2.പേപ്പട്ടിവിഷചികിത്സയിൽപ്രധാനമായിഉപയോഗിക്കുന്ന ഔഷധസസ്യം ഏത് ?

3.പ്രമേഹരോഗത്തിനെതിരെ ഫലപ്രദമായ ഏകനായകം എന്ന ചെടിയുടെ ഏത് ഭഗമാണ് ഔഷധമായി ഉപയോഗിക്കുന്നത് ?

4.കേരളകാർഷികസർവകല വികസിപ്പിച്ചെടുത്ത വിശ്വം ഏത് വിളയുടെ ഇനമാണ് ?

5.സിസ്സസ് ക്വാഡ്രാങ്കുലരിസ് എന്ന ശാസ്ത്ര നാമത്തിൽ അറിയപ്പെടുന്ന ഔഷധസസ്യം ഏത്?

6.ജീവകം സി ഏറ്റവും അധികം അടങ്ങിയിട്ടുള്ള ഫലവർഗ്ഗം?

7.കരിക്കിൻവെള്ളത്തിന് ഏറ്റവും കൂടുതൽ മധുരം ഉള്ളത് കരിക്ക് ഏത് പ്രായത്തിലാകുമ്പോഴ

സമ്പാ : ശിവാനി. 9 e

# *എങ്ങുപോയ് നീ*

ആഷാഢമേഘമേ എങ്ങുപോയ് നീ....................

ആ മണിത്തെന്നലേ എങ്ങുപോയ് നീ.......................

ഇന്നെന്റെയുള്ളിലെപ്പൊൻ വസന്തം കാണാതെ

അറിയാതെ എങ്ങുപോയി നീ....................

അണയാതെകത്തുന്ന നെയ്ത്തിരിയായ്

എങ്ങുനിന്നോ വീശുന്ന

കുളിർത്തെന്നൽ പോൽ.

ഉള്ളിലെ അഗ്നിയെ ശമിപ്പിച്ച നീ.................

പറയാൻ വിതുമ്പുന്ന കാര്യങ്ങൾ

അറിയാൻ കൊതിക്കുന്ന രംഗങ്ങളെ

അലയാഴിതണിലെ ഓളങ്ങൾപോൽ

ഉള്ളിൻെയുള്ളിലയായുയർന്നു

കരയുന്നതെന്മനം കാണാതെ

പിടയുന്നതെന്നുള്ളു കാണാതെ

ആവണിത്തെന്നലേ എങ്ങുപോയി നീ.................................

–ആമിന.എച്ച്

# സ്നേഹത്തിൻ തൂവൽസ്പർശം

ഇരുട്ടിന്റെ കൺമഷി മെല്ലെ അലിയാൻ തുടങ്ങി .വൃദ്ധ മകനെ കാത്ത് വീട്ടുപടിക്കൽ കണ്ണീർ പൊഴിച്ചുകൊണ്ടിരുന്നു. സ്നേഹത്തിന്റെയും കടപ്പാടിന്റെയും ഒരു കണികയെങ്കിലും ബാക്കിയുണ്ടെങ്കിൽ മകൻ തിരിച്ചുവരുമെന്ന് പ്രതീക്ഷിക്കുന്ന ഒരു പാവം അമ്മ . പെട്ടെന്ന് ആ അമ്മ ഒരു വിളികേട്ടു . അമ്മേ ഞാൻ വന്നു . വൃദ്ധ ശബ്ദം കേട്ട ദിക്കിലേക്ക് തിരിഞ്ഞു നോക്കി . അവരുടെ മുഖത്ത് കരിനിഴൽ പരന്നു . അപ്പുറത്തെ ജാനുവിന്റെ മകൻ സുരേഷ് ഗൾഫിൽ നിന്ന് തിരിച്ചുവന്നിരിക്കുന്നു . അന്നവിടെ കോലാഹാലം തന്നെയായിരുന്നു .വൃദ്ധയുടെ മനസ്സിലോ കണ്ണീർമഴയും . മകൻ ഗണേഷ് തന്നെ ഉപേക്ഷിച്ചുപോയിട്ട് വർഷങ്ങളായി .അവന്റെ ഇഷ്ടപ്രകാരം വിവാഹവും കഴിച്ച് വീട്ടിൽ നിന്നിറങ്ങി . പക്ഷേ അമ്മയുടെ മനസ്സിൽ തന്റെ മകന്റെയും പേരക്കിടാങ്ങളുടെയും ശബ്ദം നിലച്ചില്ല . ഒരു ദിവസം പുറത്തു നിന്ന് അമ്മേ എന്ന വിളി കേട്ടു . ഗണേഷും പേരക്കിടാങ്ങളും തിരിച്ചുവന്നിരിക്കുന്നു .... പക്ഷെ ആ വീട് നിശ്ശബ്ദതയുടെ കടലിൽ ആഴ്ന്നിരുന്നു . കാരണം ആ വൃദ്ധ ഇഹലോകവാസം വെടിഞ്ഞിരുന്നു .

നിതിൻദേവ് എ

# അടിപ്പറമ്പ്

# വനവുംപ്രകൃതിസൗന്ദര്യവും



എന്റെ ഇത്രയും കാലമുള്ള ജീവിതത്തിൽ ഞാൻ സന്ദർശിച്ചതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടതും പ്രകൃതി രമണീയവുമായ സ്ഥലമാണ് അടിപ്പറമ്പ് വനം. സത്യം പറ ഞ്ഞാൽ ഇവിടെ നിൽക്കുമ്പോൾ ചങ്ങമ്പുഴയുടെ "മലരണിക്കാടുകൾ തിങ്ങി വിങ്ങി" എന്ന ഗാനം ആലപിക്കാൻ തോന്നും. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല പഞ്ചായത്തിലാണ് അടിപ്പറമ്പ് വനം സ്ഥിതി ചെയ്യുന്നത്. എന്തുകൊണ്ടും പ്രകൃതി രമണീയ സ്ഥലങ്ങൾക്ക് ഏറ്റവും നല്ല ഉദാഹരണമാണ് അടിപ്പറമ്പ് വനം.

അടിപ്പറമ്പ് വനത്തെപ്പറ്റി പറയുകയാണേൽ,നിറയെ മരങ്ങളാണ്. ഒരുപാട് വന്യമൃഗങ്ങൾക്ക് ആശ്രയമാണ് ഈ വനം. ധാരാളം കാട്ടരുവികൾ ഈ വനത്തിലൂടെ ഒഴുകുന്നു. ഒരു ചെറിയ

വാഹന[ജീപ്പ്]ത്തിന് സഞ്ചരിക്കാനുള്ള ചെറിയ പാതയാണ് ഇവിടുള്ളത്. ഈ പാതകൾ വലിയ ഇറക്കങ്ങളും വലിയ

കയറ്റങ്ങളും ഉള്ളവയാണ്. ഇവിടത്തെ പാതയിൽക്കൂടി കാട്ടരുവികൾ ഒഴുകുന്നുണ്ട്. ഇവ വേനലിക്കാലത്തും സമൃദ്ധമാണ്. ഈ ജലത്തിന് നല്ല പച്ച നിറമാണ്. ഉൾവനത്തിലേക്കു പ്രവേശിക്കുമ്പോൾ പാതകൾ കൂടുതൽ ഇടുങ്ങിയതാണ്. പാതയിൽ കൂടി പോകുമ്പോൾ പൊന്മുടി മലനിരകളെ വളരെ വ്യക്തമായി കാണാം. പിന്നെ ഒരുപാട് കുന്നുകളും പാറക്കെട്ടുകളും കാണാം. ഈ വനത്തിനുള്ളിലെ പ്രത്യേകത എന്തെന്നാൽ ഒരുപാട് കുളങ്ങൾ ഉണ്ട് എന്നതാണ്. നല്ല കടും പച്ച നിറമുള്ള കുളങ്ങളിൽ താമരകളും ആമ്പൽപ്പൂക്കളും നിറയെ പൂത്ത് നിൽക്കുന്നതും കാണാം. ചെറിയ ചെറിയ ഊറ്റുകൾ [മലമുകളിൽ നിന്നുള്ള ചെറിയ ജലപാതകൾ] ചേർന്നാണ് മിക്ക കുളങ്ങളും സൃഷ്ട്ടിക്കപ്പെട്ടത്. കാടിന്റെ ഏതാണ്ട് ഇരുപത് കിലോമീറ്റർ എത്തിയാൽ നിറയെ വലിയ മരങ്ങളാൽ സമൃദ്ധമായ ഒരു സ്ഥലം കാണാം. കവികൾക്ക് കവിതയെഴുതാൻ തികച്ചും അനിയോജ്യമായ സ്ഥലമാണ് അവിടം. അവിടെ ഒരുപാട് ചെറു പക്ഷികൾ കൂടുകൂട്ടിയിരിക്കുന്നത് ഒരു ചെറിയ നിരീക്ഷണത്തിലൂടെ കാണാം.

ഇവിടം നമുക്ക് സന്ദർശിക്കണമെങ്കിൽ നമ്മൾ നാലോ അഞ്ചോ ചെക്പോസ്റ്റുകൾ കടന്ന് വരേണ്ടതായിട്ടുണ്ട്. കാരണം വനനശീകരണം ഇവിടെ സംഭവിക്കാതിരിക്കാൻ വേണ്ടിയുള്ള മുൻ കരുതലാണ്. ഇവിടെ നൂറിൽ കാൽ ശതമാനം മാത്രമെ റബ്ബർ കാണാൻ കഴിയുന്നുള്ളൂ. ബാക്കി മുഴുവനും കാട്ടുമരങ്ങളാലും വള്ളിപ്പടർപ്പുകളാലും വൃക്ഷങ്ങളാലും സമൃദ്ധമാണ്.

ഈ അടിപ്പറമ്പ് ഉൾവനത്തിൽ ഏകദേശം അൻപതോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവിടത്തെ ജനങ്ങൾക്ക് ആന എന്നാൽ ഒരു കൗതുകമേയല്ല. കാരണം ഇവിടത്തെ പ്രധാന പ്രശ്നം ആനശല്യമാണ്. ആനകളിൽനിന്ന് പ്രദേശവാസികളെ രക്ഷിക്കാൻ ഇവിടെ ഒരുപാട് വേലിക്കെട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ചെറിയ ക്ഷേത്രങ്ങളും ആരാധനാലയങ്ങളുമുണ്ട്. ഇവിടെ ജനങ്ങൾ കന്നുകാലികളെ കെട്ടിയിടാറെയില്ല. അവരെ സ്വതന്ത്രരാക്കി വിടുകയാണ് ചെയ്യുന്നത്. അവ മേയുന്നതും പരസ്പരം കൊമ്പുകോർക്കുന്നതും കാണാൻ നല്ല ഭംഗിയാണ് .എന്തുകൊണ്ടും പ്രകൃതി രമണീയമായ സ്ഥലമാണ് അടിപ്പറമ്പ് വനം. ജീവിതത്തിൽ ഒരിക്കലെങ്കിലും നാം ഈ വനം സന്ദർശിക്കണം. എന്തുകൊണ്ടെന്നാൽ ഇവിടെയെത്തുമ്പോൾ നാം നാമല്ലാതായിത്തീരുകയും മറ്റൊരു ലോകത്ത് പ്രവേശിക്കുകയും ചെയ്യുന്നു.


ശ്രദ്ധ.എസ്.ആർ

൯ D

# ശ്രീനിവാസരാമനുജൻ

ഭാരതീയ ഗണിതശാസത്രജ്ഞരിൽ പ്രഥമ ഗണനീയനായ ശ്രീനിവാസ രാമാനുജൻ 1887-തമിഴ്ലാട്ടിലെ 'ഈറോഡ്'' എന്ന സ്ഥലത്ത് ഒരു ദരിദ്രബ്രാഹ്മണ കുടുംബത്തിലാണ് ജനിച്ചത്. സംഖ്യാ ശാസ്ത്രത്തിൽ ശ്രീ രാമാനുജൻ നൽകിയ സംഭാവനകൾ അദ്വിതീയമാണ്. രാമാനുജന്റെ ആദ്യത്തെ ഗണിത ശാസ്ത്ര ലേഖനം ;1911-ൽ 'ജേർണൽ ഓഫ് ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റി' യിൽ പ്രത്യക്ഷപെട്ടതോടെയാണ് അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയത്. 'ബെർണൂലി സംഖ്യ'കളെ സംബന്ധിച്ചുള്ള പ്രസ്തുത ലേഖനം ;ട്രിനിറ്റി കോളേജിലെ അന്നത്തെ പ്രഫസറായിരുന്ന ജി. എച്ച്. ഹാർഡിയുടെ 'ഓണേഴ്സ് ഓഫ് ഇൻഫിനിറ്റി' എന്ന ലേഖനത്തിൽ ഉന്നയിക്കപ്പെട്ട ചില പ്രശ്നങ്ങൾക്കുള്ള ഉത്തരം അടങ്ങുന്നതായിരുന്നു. ഈ ലേഖനം വഴിയാണ് രാമാനുജന് കേംബ്രിഡ്ജിലെ ട്രിനിറ്റി കോളേജിൽ പഠിക്കുവാനുള്ള സകോളർഷിപ് നേടാനായത്. ഇരുപതാം നൂറ്റാണ്ടിലെ ഗണിത പ്രതിഭകളിൽ അതികായനായ രാമാനുജന്റെ താൽപര്യം സംഖ്യാ ശാസ്ത്രത്തിനായിരുന്നു. നൂറ്റാണ്ടുകളായി ഗണിത ശാസത്രജ്ഞന്മാർക്ക് അജ്ഞാതമായി തുടർന്നിരുന്ന ചില പൊതുനിയമങ്ങൾ

രാമാനുജൻ കണ്ടെത്തുകയായിരുന്നു. പിൽക്കാലത്ത് ആ തത്ത്വങ്ങളും ആശയങ്ങളും വിവിധ സാങ്കേതികരംഗങ്ങളിൽ പ്രയോജനപ്രദമായിതീർന്നു. ട്രിനിറ്റി കോളേജിൽ നിന്നും തന്നെ ഗവേഷണങ്ങൾ പൂർത്തിയാക്കാതെ ഇന്ത്യയിലേയ്ക്ക് മടങ്ങിയ രാമാനുജന്  1920 – ൽ  തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ നിര്യാതനായി.



**ARCHA.M.JAYAPRASAD**

**9 D**

# കാത്തുനിൽപ്പ്

വചനമേ, നീയെന്റെ ജീവിതത്തിൽ
പുലർകാല നക്ഷത്രമായുദിച്ചു

ഇരുളാണ്ട സത്തയിലുള്ളതെല്ലാം

വെളിവാക്കിയെന്നപ്രകാശദിക്കാം

സകലേന്ദ്രിയങ്ങളും സംഭരിച്ച

വിഘടിതധാരണാബിദുണ്ടാലം

സ്ഥിരബോധതന്തുവിൽക്കോർത്തിണക്കി

വിരചിച്ചു നീയെൻെറ ചിത്തശില്പം

ലവണലേശംതൊട്ട സാഗരത്തിൽ

ഗഗനാന്ത വിസ്തൃതിയോളമല്ലേ

ഒരു മണൽ തരി തൊട്ടു താരകോടി

തിരിയും മഹാപദത്തോളമല്ല

ചിറകായി നീയെങ്കിലിന്നു താണ്ടാം

ഒരു മനസ്സെത്രയോ ദീപ്തിവർഷം

അതിമോഹമില്ലെനിക്കിത്രവേഗം

അകലങ്ങളൊക്കെയും കീഴടക്കാൻ

അപരാധമൊന്നുമേ ചെയ്തിടാതെ

വെടിയേറ്റുവീണൊരീ ബാലകന്റെ

അടയാത്ത കണ്ണിനൊരുത്തരം നീതരുമെങ്കിലെന്നു ഞാൻ
കാത്തുനിൽപ്പൂ

# കൊതുക് ജന്യരോഗ നിയന്ത്രണത്തിൽ വിദ്യാർത്ഥികളുടെ പങ്ക്

കൊതുക് നമ്മുടെ ചുറ്റുപാടുകളിൽ ഇന്ന് വ്യാപിക്കുകയാണ്. ഇതിനു കാരണം നമ്മൾ മനുഷ്യർ തന്നെയാണ്. കൊതുകിന് വളരാനുള്ള സാഹചര്യം നാം തന്നെയാണ് ഒരുക്കിക്കൊടുക്കുന്നത്. നമ്മുടെ വൃത്തി ഇല്ലായ്മ ഇതിനു പ്രധാന കാരണമാണ്. വിദ്യാർത്ഥികൾ കൊതുക് പരത്തുന്ന രോഗങ്ങൾ നിയന്ത്രിക്കാനാണ് ശ്രമിക്കേണ്ടത്. ഇതിനായി വിദ്യാർത്ഥികൾ തങ്ങളുടെ സ്കൂളും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കും. മലിനജലം കെട്ടികിടക്കുന്ന ചിരട്ട, പ്ലാസ്റ്റിക്ക് കവറുകൾ, എന്നിവയിൽ നിന്നും ജലം ചരിച്ചു കളയും. എല്ലാ വിദ്യാർത്ഥികളും പ്രദേശവാസികൾക്കും സഹപാഠികൾക്കും ഇതിൻെറ ഗൗരവം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് ഒരു ബോധവൽക്കരണ ക്ലാസ് നടത്തും. മാലിന്യ നിർമ്മാർജനത്തെപ്പറ്റിയും ശുചിത്വത്തിന്റെ ആവശ്യകതയെപ്പറ്റിയും പോസ്റ്റർ തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കും. “സ്കൂളിന്റെ ശുചിത്വം

വിദ്ധ്യാർത്ഥികളുടെ ഉത്തരവാദിത്വം"എന്ന
വിഷയത്തിൽ ഒരു ക്ലാസ് എടുത്ത്   ശുചിത്വത്തിന്റെ

ആവശ്യകത കുട്ടികൾക്ക്
ബോധ്യമാക്കിക്കൊടുക്കും. "ശുചിത്വത്തിന്റെ
നേട്ടങ്ങളും വ്യത്തിഹീനതയുടെ കോട്ടങ്ങളും" എന്ന
വിഷയത്തിൽ ഒരു ഡോക്ടർ മുഖാന്തരം ക്ലാസ്
സംഘടിപ്പിക്കും. കൊതുകിനെ തുരത്താനുള്ള
പ്രതിവിധികൾ എല്ലാവർക്കും പറഞ്ഞുകൊടുത്ത്
ആഴ്ചയിൽ ഒരു ദിവസം സ്കൂളിലും വീട്ടിലും
പൊതുസ്ഥലങ്ങളിലും "ഡ്രൈ ഡെ" ആചരിക്കും.
മാലിന്യം പൊതുസ്ഥലങ്ങളിലും മറ്റും
വലിചെറിയുന്നവരെപ്പറ്റി അന്വേഷിക്കാനും
അവരെപ്പറഞ്ഞ് മനസ്സിലാക്കാനും മുതിർന്നവരോട്
ആവശ്യപ്പെടും. ആശുപത്രിയിൽ കൊതുക്
ജന്യരോഗങ്ങൾ പിടിപെട്ട് വരുന്നവരോട് കൊതുക്
പെരുകുമ്പോഴുണ്ടാകുന്ന ദൂഷ്യഫലങ്ങളെപ്പറ്റി
പറഞ്ഞു മനസ്സിലാക്കുവാനും ആശുപത്രികളിൽ
കൊതുക് പടർത്തുന്ന രോഗങ്ങളെപ്പറ്റിയുള്ള
വിശദവിവരങ്ങൾ ഒട്ടിക്കുവാനും ആശുപത്രി
അധികൃതരോട് ആവശ്യപ്പെടും. പൊതുസ്ഥലങ്ങളിൽ
"കൊതുക് ജന്യരോഗങ്ങളുടെ കാരണവും അവ
എങ്ങനെ തടയാമെന്നുമുള്ള" വിഷയത്തിൽ ഒരു
ബോർഡ് സ്ഥാപിക്കും. പ്ലാസ്റ്റിക്കുകൾ ഒഴിവാക്കി
തുണിസഞ്ചികൾ വ്യാപകമായി ഉപയോഗിക്കാൻ
വിദ്യാർത്ഥികൾ പ്രദേശനിവാസികളോടും

സഹപാഠികളോടും പറയും. തുണിസഞ്ചികൾ എങ്ങനെ നിർമിക്കാമെന്നു പഠിച്ചിട്ട് വിദ്യാർത്ഥികൾ അതിന്റെ നിർമ്മാണരീതി അയൽവാസികൾക്കും

മറ്റും പറഞ്ഞുകൊടുക്കും. ചുരുങ്ങിയത് ആഴ്ചയിൽ ഒരു ദിവസമെങ്കിലും സ്കൂളും വീടും

സമീപപ്രദേശങ്ങളും ഞാനുമെന്റെ സഹപാഠികളും വൃത്തിയാക്കും

"വൃത്തിഹീനത ഞങ്ങളുടെ ശത്രു"എന്ന വിഷയത്തിൽ ക്ലാസ്ടീച്ചറുടെ സഹായത്തോടെ വിദ്യാർത്ഥികൾ ഒരു സെമിനാർ തയാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കും. സ്കൂൾ പ്രിൻസിപ്പാളിനോട് ഇന്നു പടർന്നു പിടിക്കുന്ന കൊതുക് ജന്യരോഗങ്ങളെപ്പറ്റി

ഒരു ക്ലാസ് നടത്താനായി നമ്മുടെ ഹെൽത്ത് ഓഫീസറിനെ സ്കൂളിലേക്ക് ക്ഷണിക്കാനായി വിദ്യാർത്ഥികൾ ആവശ്യപ്പെടും. അങ്ങനെ പ്ലാസ്റ്റിക്കുകൾ ഒഴിവാക്കി വൃത്തി നമ്മുടെ ആയുധമാക്കി കൊതുകിനോട് വിദ്യാർത്ഥികൾ പൊരുതും.

ഇതിലൂടെ പകർച്ചവ്യാധി എന്ന ശത്രുവിനെ ഒഴിവാക്കി വൃത്തിഹീനതയെ തുരത്തി വൃത്തിയെന്ന മിത്രത്തെ കൂടെക്കൂട്ടി വിദ്യാർത്ഥികൾ പൊരുതും.

ഹരിതസുന്ദര കേരളത്തെ
തിരിച്ചുപിടിക്കും. വിദ്യാർത്ഥികളെല്ലാം ചേർന്ന് കൊതുക് ജന്യരോഗങ്ങൾ അകറ്റി, നാളെയുടെ സ്വപ്നമായനന്മയുടെഹരിതാഭയുടെയുംസമൃദ്ധിയുടെയും കേന്ദ്രമായ കേരളത്തെ വാർത്തെടുക്കാം. എന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

“ഹരിത കേരളം സുന്ദര കേരളം" അതാണ് വിദ്ധ്യാർത്ഥികളുടെ സ്വപ്നം നാളെയുടെ സ്വപ്നമായ അത്തരത്തിലൊരു കേരളത്തെ വാർത്തെടുക്കാൻ വിദ്യാർത്ഥികൾ പ്രതിജ്ഞാബദ്ധതയുള്ളവരാണ്.

*സന്ഹാ: ആമിന*
*൧൮*

# ഞാൻ എന്റെ വിദ്യാലയം

## ഇങ്ങനേം സംഭവിക്കാം

1992 ജനുവരി മാസത്തിലെ ഒരു വൈകുന്നേരം സ്കൂൾവിട്ട് കുട്ടികളെല്ലാം ഇറങ്ങിയ ശേഷം ബസ്സ് കയറനായി റോഡിലേക്ക് ഇറങ്ങി വരുകയായിരുന്നു. റോഡിൽ ഒരാൾക്കൂട്ടം കണ്ട് ഓടിച്ചെന്ന് നോക്കുംമ്പോൾ, സ്കൂളിൽ പഠിക്കുന്ന ഒരു 9-ാം ക്ലാസുക്കാരൻ നെറ്റി മുറിഞ്ഞ് റോഡിൽ കിടക്കുന്നു. ട്രാൻസ്പോർട്ട് ബസ്സിന്റെ ഫുഡ്ബോർഡിൽ നിന്ന് വീണതാണ്. ബസ്സ് വിട്ടുപോകുകയും ചെയ്തു. ഞാനും എന്നോടോപ്പം ഉണ്ടായിരുന്ന സോഷ്യൽ സയൻസ് അധ്യാപകൻ പ്രദീപും [പി.എസ്. സി വഴി നിയമനം ലഭിച്ച് ഇപ്പോൾ മീനാങ്കൽ ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ആയി ജോലി നോക്കുന്നു. ]കൂടിച്ചേർന്ന് ഒരു ടാക്സി വിളിച്ച് പാലോട് ആശുപത്രിയിലേക്ക് കൊണ്ടുപോയി. ടാക്സി ഡ്രൈവർക്ക് കുട്ടിയെയും അവന്റെ ബാപ്പയെയും അറിയാം. പാലോട് കുശവൂർ ജംഗ്ഷനിൽ പച്ചക്കറി കട നടത്തുന്ന ബാപ്പയെയും കൂട്ടി അദ്ദേഹത്തിന്റെ നിർദേശ പ്രകാരം ആര്യ ഹോസ്പിറ്റലിൽ കൊണ്ട് പോയി. ഡോക്ടർ മുറിവ് പരിശോധിച്ചപ്പോൾ തയ്യൽ ഇടേണ്ടി വരുമെന്നും സിസ്റ്ററോട് വേണ്ടത് ചെയ്യാനും പറഞ്ഞു. മുറിവ് പെട്ടന്ന് ഭേദമാകുന്നതിന് തയ്യലിടുന്നത് നല്ലതായിരിക്കുമെന്ന് ബോധ്യപ്പെട്ട പിതാവും സമ്മതം നൽകി. ഈ സമയം കുട്ടിക്ക് മൂത്രശങ്കയുള്ളതായി പറഞ്ഞു. സ്വാഭാവികമായ

അവന്റെ ആവശ്യത്തെ അംഗീകരിക്കേണ്ടതാണല്ലോ. മൂത്രമൊഴിക്കാൻ പോയവൻ എന്നെയും പ്രദീപിനെയും സ്തബ്ദനാക്കികൊണ്ട്  ചോരവാർന്ന മുറിവുമായി ഒരോട്ടം. മുറിവ് എത്രയും വേഗം സുഖപ്പെടണമെന്ന് പിതൃതുല്ല്യമായ താൽപ്പര്യമുള്ള ഞാൻ കുട്ടിയുടെ പിറകെ ഓടി. നിർഭാഗ്യവശാൽ എനിക്ക് പരാജയപ്പെടേണ്ടി വന്നു നിരാശനായി മടങ്ങി വന്ന എന്നെ പ്രദീപ് സാറിനേയും ടാക്സി ഡ്രൈവര്,  പിറകെ ഓടിയത് അവിവേകമായെന്ന് കുറ്റപ്പെടുത്തി. കാലം പിന്നെയും കഴിഞ്ഞ് പരിക്കേറ്റ ബാലൻ ഡ്രൈവറായി. സ്കൂൾ നടയിൽ നിൽക്കുമ്പോൾ തിരുവനന്തപുരം തെങ്കാശി അന്തർ സർവീസ് ബസ്സ് ഓടിച്ചു പോകുന്ന നേരത്ത് എന്നെ നോക്കിയുള്ള അവന്റെ ചിരി കുറ്റബോധമാണോ, അതോ എന്റെ നേരെയുള്ള പരിഹാസമാണോയെന്നുള്ള കാര്യം ഇപ്പോഴും എനിക്ക് തീർപ്പ് കൽപ്പിക്കാൻ ആകുന്നില്ല. എന്തായാലും ഇന്നവൻ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ അതിവേഗ ദീർഘദൂര സർവ്വീസ് ആയ "മിന്നൽ" ബസ്സിന്റെ ഡ്രൈവർ ആണ്. "ആയുഷ്മാൻ ഭവഃ"

ജയകുമാരൻ നായർ
അദ്ധ്യാപകൻ

# ആനേം ഉറുമ്പും


അങ്ങ് ഈ പുഴ കടക്കാൻ
പോകുകയാണോ?
നിന്നേ......ഞാനെറങ്ങാം
എന്നാൽ താങ്കൾ ആദ്യം
പൊയ്ക്കോ?
വേണ്ടാ,മൂത്തവൻ ആദ്യം
ഇളയവൻ പിന്നെ
കഷ്ടം..... പേടിയാണല്ലേ.......?
അതേ.... പേടി തന്നെയാണ്..... എന്റെ ഭാരം കാരണം
താങ്കൾക്കൂടി വീണ് അങ്ങേക്ക് പരിക്കു പറ്റിയാലോ എന്ന
പേടി......!

# എന്റെ അനുഭവക്കുറിപ്പ്

എസ്.കെ. വി എന്ന വിദ്യാലയത്തിലെ പഠനത്തിലൂടെ എന്റെ ജീവിതത്തിലെ പടിക്കട്ടുകൾ സൃഷ്ടിക്കുക മാത്രമല്ല ജീവിതമാകുന്ന മഹാസാഗരത്തിന്റെ അടിത്തുണുകളായ മറക്കാനാകാത്ത അനുഭവങ്ങളെ പണിതുയർത്തുവാൻ വെറും പഠനത്തിന്റെ നാലു ചുവരുകളിൽ ഒതുങ്ങികൂടിയ എനിക്ക് വിശാലമായ അദ്ധ്യാപിക വിദ്യാർദ്ധി ബന്ധത്തിന്റെ ഉൾക്കാമ്പ് തിരിച്ചറിയാൻ സാധിച്ചത് പഠനത്തിനുമപ്പുറം സ്നേഹബന്ധങ്ങൾക്ക് വിലകൽപ്പിച്ച അധ്യാപികമാരുടെ സഹവർത്തിത്വത്തോടുകൂടിയാണ്. സൗഹൃദത്തിന്റെ മധുരമായ ഈണങ്ങളും ധ്വനിയും തിരിച്ചറിഞ്ഞത് ഈ വിദ്യാലയത്തിൽ മടിത്തട്ടിലാണ്. വികാരവിക്ഷേപങ്ങളുടെയും പഠനാവർത്തനത്തിന്റെ ധ്വനികൾക്കിടയിൽ ജീവിതത്തിന്റെ ചിട്ടയായ രൂപീകരണം ഞാൻ പോലും അറിയാതെ രൂപപ്പെട്ടു.

വഴക്കുകളും പങ്കുവെയ്ക്കലും ചേർന്ന സൗഹൃദം മനുഷ്യബന്ധത്തിന്റെ നവവാതായങ്ങൾക്ക് എന്നെ നയിച്ചു. അതിനെല്ലാമൊപ്പം ഐ. ടി യുടെ

പുതുമാർഗങ്ങളിലേക്ക് കടക്കുവാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് എന്റെ 9-ാം ക്ലാസിലെ അധ്യയന വർഷത്തിന് അഭിഭാജ്യമായ പങ്ക് വഹിച്ചു. തന്റെ ജീവിതത്തിന് പുതിയോരു വഴിത്തിരിവിന് കാരണമായത് ബബിത ടീച്ചറിന്റെ ഒപ്പമുള്ള പഠനകാലമാണ്. ജീവിത്തിലെ താൻ മറക്കാനാഗ്രഹിക്കാത്ത അനുഭവസന്നമായ കാലഘട്ടമാണ് എസ്. കെ വി യിലെ പഠനസമയം.

Ashna.N.Saabir

XB

# കൈറ്റ്സും ഞങ്ങളും

കൈറ്റിനെക്കുറിച്ച് പറയുകയാനെങ്കിൽ തുടക്കത്തിൽ ഒരു ക്ലബ്ബായി മാത്രമേ ഞാൻ കണ്ടിരുന്നുള്ളൂ. പക്ഷെ അതായിരുന്നില്ല.ഒരോ ക്ലാസ്സും അറിവിൻെറ ഒരു പുതിയ പുതിയ അറിവുകൾ ടീച്ചർ പകർന്നു തരുകയായിരുന്നു.ഡിജിറ്റൽ പെയിൻറിംഗ്,പ്രോഗ്രാമിംഗ്,ആനിമേഷൻ,ഡിജിറ്റൽ മാഗസിൻ നിർമ്മാണം അങ്ങനെ നിരവധി

വിഷയത്തെക്കുറിച്ച് പഠിക്കുവാൻ സാധിച്ചു. ഇതിനെല്ലാം എന്നെ സഹായിച്ചത് എൻറെ പ്രിയപ്പെട്ട അധ്യാപകരായ ബബിത ടീച്ചർ, വൃന്ദ ടീച്ചർ, ഗീത ടീച്ചർ എന്നിവരാണ്. എനിക്ക് പുതിയ അറിവുകൾക്കൊപ്പം കുറച്ച് സുഹൃത്തുക്കളെയും ലഭിച്ചു. ലിറ്റിൽ കൈറ്റ്സിൻെ ജില്ലാതല റസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുക്കുവാൻ എനിക്കൊരു അവസരം ലഭിക്കുകയും ഒരുപാട് സുഹൃത്തുക്കളെയും,ഓർമ്മകളെയും ലഭിക്കുകയും അതോടൊപ്പം അറിവും നേടാൻ സാധിച്ചു. വ്യത്യസ്ത സ്ക്കൂളുകളിൽ നിന്ന് വന്ന കുട്ടികളെയും അവിടെ ക്ലാസെടുത്ത നസീജ ടീച്ചർ, ശ്രീജ ടീച്ചർ എന്നിവരെ പരിജയപ്പെടാൻ സാധിച്ചു. സ്ക്കൂൾ തലത്തിൽ നിന്നും തന്നെ IT മേഖലയിലെ വിവിധ കോഴ്സുകളെപ്പറ്റിയും ജോലി സാധ്യതകളെക്കുറിച്ചും ടീച്ചേഴ്സ് വിശദീകരിച്ചുതന്നു. ഈ കാലഘട്ടത്തിൽ ഏറ്റവും ആവശ്യകരമായ ഒന്ന് തന്നെയാണ് IT മേഖല. ഇതിനെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് എനിക്ക് ലഭിച്ചു. ഓരോ കാലഘട്ടത്തിലും അനുസൃതമായ മാറ്റങ്ങൾ അനുവാര്യമാണ്. വരും കാലങ്ങളിൽ IT മേഖലയിൽ വൻ പുരോഗതി തന്നെ കൈവരും.Little Kites എന്നത് വെറും ഒരു ക്ലബ്ബല്ല.

അത് എൻെറ സ്വഭാവരൂപീകരണത്തെയും കഴിവിനെയും മെച്ചപ്പെടുത്താൻ സഹായിച്ച ഒരു വിദ്യാലയമാണ്

വിസ്മയ. ആർ.ബി

X A

## എന്റെ വിദ്യാലയം



ഞാൻ 5-ാം ക്ലാസ്സിലാണ് SKV സ്കൂളിൽ എത്തുന്നത്ു ഒരു വലിയ സ്ക്രൂൾ ആയതുകൊണ്ട് ചെറിയ പേടി ഉണ്ടായിരുന്നു.. എന്നാൽ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതൊക്കെ എന്നിൽ നിന്ന് മാറി. അധ്യാപകർ നല്ല രീതിയിലാണ് പെരുമാറിയത്. ആയതുകൊണ്ട് എനിക്ക് SKV സ്ക്രൂൾ ഇഷ്ടപ്പെടാൻ തുടങ്ങി. LP ക്ലാസിലെ കലാമത്സരങ്ങളിൽ പങ്കെടുക്കുമായിരുന്നു. SKV സ്ക്രൂളിലെ അദ്ധ്യാപകരുടെ പിന്തുണ എനിക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ ഊർജ്ജം

നൽകി. 9ാം ക്ലാസ് ആയതുമുതൽ സ്ക്രൂളിലെ മിക്കപ്രവർത്തനങ്ങളിലും ഞാൻ സജീവമായി. പഠനകാര്യങ്ങളിൽ അദ്ധ്യാപകരുടെ ശാസനങ്ങൾ ചിലപ്പോഴക്കെ കിട്ടിയിരുന്നു. മിക്ക അദ്ധ്യാപകരും എന്നോട് വളരെ സ്നേഹത്തോടെയാണ് പെരുമാറിയത് അത് എന്നിൽ കൂടുതൽ ഉത്തരവാദിത്തബോധം ഉണ്ടാക്കി.

എനിക്ക് ധാരാളം കൂട്ടുകാരെ സ്ക്രൂൾ സമ്മാനിച്ചു.ഓരോ ക്ലാസിലും എനിക്ക് പുതിയ പുതിയ കൂട്ടുകാരെ കിട്ടി. കൂട്ടുകാരെല്ലാം നല്ലവരായിരുന്നു.കൂട്ടുകാരോടൊപ്പം സന്തോഷം പങ്കുവക്കാനുള്ള അവസരങ്ങൾ ഞാൻ ഉപയോഗപ്പെടുത്തിയിരുന്നു.ഇപ്പോൾ ഞാൻ 10-ാം ക്ലാസിലാണ് . മികച്ച വിജയം നേടുക എന്നത് എൻെറ ആവശ്യമാണ്. അതിലുപരി സ്ക്രൂളിനും നല്ല റിസൾട്ട് ഉണ്ടാക്കുക എന്നതും പ്രധാനമാണ്. മെച്ചപ്പെട്ട പഠന പ്രവർത്തനങ്ങൾ സ്ക്രൂളിൽ നടക്കുന്നു. ആയതുകൊണ്ട് എനിക്കും മികച്ച വിജയം നേടാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു

അനുശ്രീ. എൻ.
X D

# ഗുരു

ചിത്തത്തിലെന്നും സത്ചിന്ത
നൽകുമെൻപ്രിയഗുരു
നാഥനു മമ വന്ദനം
നേർവഴി കാട്ടിടും സൂര്യനായി
ഗുരുവരൻ പ്രോജ്ജ്വലിച്ചീടും
സന്തതം
അവിടന്നരുളും വചനങ്ങളാ
ത്മാവിന്നന്ധ്യമകറ്റിടും സത്യം
നന്മ നിറയ്ക്കും സ്നേഹം വിതയ്ക്കും
പ്രിയ ഗുരു നാഥാ സ്വീകരിച്ചീടുക
ഈ അക്ഷരഭിക്ഷ എന്നിൽ നിന്നും
അനുഗ്രഹം ചൊരിയുക.

രാജീവ് അയ്യർ
സ്റ്റാഫ്

# സൈബർ കുറിപ്പുകൾ

## ഇൻർനെറ്റിലെ പത്രവായന:

### സുഖവും അസുഖവും




*വിദേശത്തുനിന്നാണ് ഞാനീ കുറിപ്പ് എഴുതുന്നത്. ദിവസവും രാവിലെ മലയാള പത്രങ്ങളുടെ ചൂടും മണവും ആസ്വദിക്കുന്നത് മറുനാടൻ മലയാളിക്ക് അന്യമാണല്ലോ. ഇൻറനെറ്റുതന്നെ ശരണം. മനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി, ദീപിക എന്നീ പത്രങ്ങളെല്ലാംതന്നെ ഇൻററർനെറ്റിലൂടെ വായിക്കാമെന്ന് പരക്കെ അറിവുള്ളതാണല്ലോ. മലയാള ഫോണ്ടുകൾ ഡൗൺലോഡു ചെയ്യുവേണം ഇവ വായിക്കുവാൻ. എന്നാൽ കൗമുദിയുടെ "കൗമുദി ഓൺലൈൻ"[www.kaumudi.com] ഇംഗ്ലീഷ് പത്രമാണ്. വളരെ മികവു പുലർത്തുന്നതുമാണ്. ഓരോ ദിവസത്തെ പ്രധാന വാർത്തകൾ ചുരുക്കി*

*വായിക്കുകയും ചെയ്യാം. എന്നാൽ വാർത്തകൾക്ക് ഏറ്റവും സൗകര്യപ്രദം [www.samachar.com](http://www.samachar.com) തന്നെ പ്രധാന ഇന്ത്യൻ പത്രങ്ങളുടെയൊക്കെ തലക്കെട്ടുകളും ഭാഷാപത്രങ്ങളിലേയ്ക്കുള്ള ലിങ്കുകളും ചേർന്ന ഈ സൈറ്റ് അതിന്റെ പ്രയോജകർ അവകാശപ്പെടുന്നതുപോലെ ഇന്ത്യയെക്കുറിച്ച് വേണ്ടുന്ന ഒരേ ഒരു "ബുക്ക്മാർക്ക്"തന്നെയാണ്. സമയക്കുറവുള്ളപ്പോൾ തലക്കെട്ടുകൾ വായിച്ചുപോകാനും, സമയമുള്ളപ്പോൾ ഭാഷാപത്രങ്ങൾ പോലും തിരഞ്ഞെടുത്തു വായിക്കാനും ഈ സൈറ്റ് സഹായിക്കുന്നു. ഇന്ത്യക്കാരുടെ ക്രിക്കറ്റ് ഭ്രാന്തിന് ഒരംഗീക്കാരമെന്നോണം തുടക്കത്തിൽ തന്നെ ക്രിക്കറ്റ് വാർത്തയിലേക്ക് ലിങ്ക് നൽകിയിട്ടുണ്ട്. ഇടയ്ക്കിടെ ചില*

*അഭിപ്രായ വോട്ടെടുപ്പുകളും സൈറ്റിൽ കാണാം. ഇൻറർനെറ്റിലെ പത്രങ്ങൾക്ക് ചൂടും മണവുമില്ലഎന്നകാര്യത്തിൽതർക്കമില്ലാത്തതിനാൽ എന്റെ പത്രവായന അസുഖകരമായിത്തന്നെ തുടരുന്നു.*

സമ്പാ: രോഹിണി

# വെൺ നിലാവ്

നിലാവേ വെൺ നിലാവേ
നിന്നെതഴുകാൻ എൻ
കൈകൾ കൊതിക്കുന്നു നിൻ
പുഞ്ചിരിയെന്നിൽആനന്ദഹർഷം ചൊരിയുന്നുനിൻ
മൃദുസ്പർശംഎന്നിൽ നൃത്തം ചെയ്യുന്നു
കുളിർക്കാറ്റായി എന്നെ
നീ തഴുകുന്നു
നീയാകും സൗന്ദര്യത്തിൽ
കുളിച്ചെത്തിടും ചന്ദ്രതാരങ്ങൾ
നിന്നോടൊപ്പം പാൽപ്പുഞ്ചിരി-
യേകി നിൽക്കുന്നു
ഇത്രയും അഴകേറിയ നിലാവേ
നിന്നെതഴുകാൻ എൻ
കൈകൾ എന്നും കൊതിക്കുന്ന

*ആൻലിയ പോൾ*

# ചോദിക്കൂ? പറയാം

എന്താണ് **zip** ഫയലുകൾ**?** എന്തിനാണിവ ഉപയോഗിക്കുന്നത്**?** ഇതിൻെറ കമാൻറ് **syntax** എന്താണ്**?**

**ഇതൊരു ഫയൽ കംപ്രഷൻ യൂട്ടിലിറ്റിയാണ്. ഫയലുകളെ കംപ്രസ്സ് ചെയ്ത് ചുരുക്കിയെഴുതു(സൈസ് കുറക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്.വലിയ സൈസുള്ള ഫയലുകളും മറ്റും ഇങ്ങനെ ചുരുക്കി കുറഞ്ഞ സ്ഥലത്ത് ശേഖരിക്കാൻ കഴിഞ്ഞാൽ അതൊരു വലിയ നേട്ടം തന്നെയല്ലേ? BMP പോലുള്ള ഫയലുകൾ അൽപം പോലും കംപ്രസ്സ് ചെയ്യപ്പെടാത്തവയാകയാൽ ഇവയെ ZIP ചെയ്താൽ ഏതാണ്ട് പകുതിയിലതികം മാത്രം സ്ഥലം മതിയാകുന്നത്. ZIP ചെയ്യുമ്പോൾ ഒറിജിനൽ ഫയലിന് മാറ്റമൊന്നും സംഭവിക്കുന്നില്ല. ZIP ചെയ്യപ്പെട്ട ഒരു പുതിയ ഫയൽ നിർമ്മിക്കപ്പെടുകയാണ്**


ചെയ്യുക. ഇതിനെ ഇതേ പടി തുടർന്നുപയോഗിക്കാൻ സാധിക്കുകയില്ല. അതിനായി ഈ പുതിയ ഫയലിനെ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതുണ്ട്. Dos ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ PKZIP-ഉം windows-ൽ win zip ഉം ആണ് സാധാരണ ഉപയോഗിക്കപ്പെടുന്ന കംപ്രഷൻ യൂട്ടിലിറ്റികൾ. PKZIP ഉപയോഗിച്ച് ZIP ചെയ്യുമ്പോൾ പുതിയ കംപ്രസ്സ് ചെയ്യപ്പെട്ട ഫയലിന് ZIP എന്ന ഒരു Extension ആയിരിക്കും ഉണ്ടാവുക. ഇതിനെ തിരിയെ പഴയ സ്ഥിതിയിലാക്കാൻ PKUNZIP എന്ന മറ്റൊരു പ്രോഗ്രാമുണ്ട് PKZIP ന്റെ syntax ഇതാണ്.

c:>PKZIP<zip filename.> <list/files> <zip filename> എന്നത് പുതിയതായി സൃഷ്ടിക്കപ്പെടേണ്ട zip ഫയലിന്റെ പേരാണ്. <file list>ൽ ഏതൊക്കെ ഫയലുകളാണ് ഇങ്ങനെ കംപ്രസ്സ് ചെയ്യപ്പെട്ട് പുതിയ ഫയലിലേക്ക് വേണ്ടതെന്നാണ് സൂചിപ്പിക്കുക.

**PKUNZIP ന്, PKUNZIP<zipfile> എന്നാണ് syntax.**

**ഉദാ: Picture.BMP എന്ന ഫയൽ ZIP ചെയ്യാനായി എന്നു നൽകിയാൽ മതി. അപ്പോൾ PICT.ZIP എന്ന പേരിൽ പുതിയ ഫയൽ നിർമ്മിക്കപ്പെടുന്നു.UNZIP ചെയ്യാനായി C:/PKZIP PICT.ZIP picture.BMP PKUNZIP PICT.ZIP എന്നു നൽകിയാൽ മതിയാകും.**

*സമ്പാ : ബിജിന*




# ഇന്റർനെറ്റ്

## ഇൻട്രാനെറ്റ്

**ഒരു കമ്പനിയോ ഓർഗനൈയേഷനോ, ഒരു സ്റ്റാൻഡേർഡ് ഫോർമാറ്റിൽ ഒരേ തരം സോഫ്റ്റവെയർ ഉപയോഗിച്ച് ഇൻഫർമേഷൻ ഓഹരിക്കുന്ന സംവിധാനമാണ് ഇത്. മെയി. കംപ്യൂട്ടറിൽ സ്ഥാപിച്ചിരിക്കുന്ന വിവരങ്ങൾ*(web server)* മറ്റു കംപ്യൂട്ടറുകളിലേക്ക് പകർന്നു കൊടുക്കുന്നതാന്ന രീതിയാണ് ഇൻട്രാനെറ്റ്**

## ഇൻറ്റർനെറ്റ്

**ലക്ഷകണക്കിന് കംപ്യൂട്ടറുകൾ പരസ്പരം പൂരകമായി ഇൻഫർമേഷൻ കൈമാറുക വഴിയുള്ള ശൃംകലയെയാണ് ഇൻറ്റർനെറ്റ് എന്ന് പറയുന്നത്. ലോക വ്യാപകമായി നടക്കുന്ന ഈ ഇൻഫർമേഷൻ വിനിമയത്തിന് *www(world wide web)* എന്ന മേൽവിലാസം നൽകി**യിരിക്കുന്നു.

## കണക്ഷനുകൾ

**അടിസ്ഥാനപരമായി ഇൻറ്റർനെറ്റിന് രണ്ടുതരം കണക്ഷനുകളാണുള്ളത്. ഡയൽ-അപ് കണക്ഷനും, ലീസ്ഡ് ലൈൻ കണക്ഷനും. ഒരു കംപ്യൂട്ടറും**

മോഡവും ഐ.എസ്.പി അനുവദിച്ചിരിക്കുന്ന പാസ്സ് വേർഡും ഉപയോഗിച്ച് ഫോൺ വഴി ഡയൽ ചെയ്ത് നെറ്റിൽ പ്രവേശിക്കുന്ന രീതിയാണ് ഡയലപ്സിസ്റ്റം. ഐ.എസ്.പി യിൽ നിന്ന് നേരിട്ട് കേബിൾ വലിച്ചെടുക്കുന്ന രീതിയാണ് ലീസ് ലൈൻ.ഈ രീതിയിൽ ഡേറ്റാ ലഭ്യമാകുന്നതിന് പരമാവധി സ്പീഡ് കിട്ടുന്നു.

## ഐ.പി അഡ്രസ് *(Internet Protocol Address )*

കുത്തുകൾ കൊണ്ട് വേർതിരിച്ചിരിക്കുന്ന നാല് ഭാഗങ്ങളുള്ള ഒരു യൂണിറ്റ് നമ്പരാണിത്. ഉദാഹരണത്തിന് 165.113.245.2. ഇൻറ്റർനെറ്റിനുള്ള എല്ലാ മെഷീനുകൾക്കും ഈ നമ്പർ ലഭ്യമാണ് . ഐ.പി.അഡ്രസ് ഇല്ലാത്ത മെഷീൻ ഇൻറ്റർനെറ്റുമായി ബന്ധിപ്പിച്ചിട്ടില്ലാ.

## വെബ്സൈറ്റ്

ഇൻറ്റർനെറ്റിലുള്ള ഒരു കംപ്യൂട്ടർ, ഇൻഫർമേഷൻ മറ്റു കംപ്യൂട്ടറുകൾക്കു പകർന്നു കൊടുക്കുന്നതാണ് വെബ് സൈറ്റ്. എന്നാൽ ഇൻഫർമേൻ ഏറ്റു വാങ്ങാനു കംപ്യൂട്ടറുകളും ഇൻറ്റർനെറ്റിൽ കണക്ടഡായിരിക്കും

## ഇൻറ്റർനിക്ക്

ഡൊമയിൽ നെയിം രജിസ്ട്രേഷൻ നൽകുന്ന അമേരിക്കയിലെ ഒരു ഏജൻസീയാണ് ഇൻറ്റർനിക്ക്. ദിവസത്തിൽ 24 മണിക്കൂറും

പ്രവർത്തിക്കുന്ന കംപ്യൂട്ടറുകളാണ് സർവർ. അത്തരം സർവർ ഉള്ളവർക്കു മാത്രമേ ഡോമയിൻ രജിസ്ട്രേഷൻ നൽകാൻ കഴിയൂ.

## ഡൊമയിൻ നെയിം

വെബ്സൈറ്റ് അഡ്രസ് അല്ലെങ്കിൽ ഇൻറർനെറ്റ് അഡ്രസ് എന്നും ഇതിനെ പറയാം. ഡൊമയിൻ നെയിം സാധാരണയായി രണ്ടോ അതിലധികമോ ഭാഗമായി ഡോട്ടുകൾകൊണ്ട് വേർത്തിരിക്കാം

ഉദാഹരണം:

*www.hotmail.com*

## ബ്രൗസിംഗ്,സർഫിംഗ്

ഇൻറർനെറ്റ് കണക്ഷനിലൂടെ ഇൻഫർമേഷൻ ശേഖരിച്ച് കണ്ടുകൊണ്ടിരിക്കുക.

- **ബ്രൗസർ:** ബ്രൗസിംഗിന് ഉപയോഗിക്കുന്ന ആപ്ലിക്കേഷൻ സോഫ്റ്റവെയർ. നെറ്റ്സ്കേപ് കമ്മ്യൂണിക്കേഷേറ്റർ*(Netscape inc)*,ഇൻറർനെറ്റ് എക്സ്പ്ലോറർ*(Microsoft Corpn)*, എന്നിവയാണ് വളരെ പ്രചാരത്തിലുള്ള ബ്രൗസറുകൾ.
- **ഹോം പേജ് :** വെബ് പേജ് ഉണ്ടാക്കുമ്പോൾ മറ്റു ശാകാ പേജുകളിലേയുക്ക് ലിങ്ക് നൽകികൊണ്ട് സൈറ്റ് ചെയ്യുന്ന പ്രധാന

പേജാണ് ഹോം പേജ്. ഏതു മേഖലയിൽ വെബ് പേജ് ചെയ്യുമ്പോഴും ഇത്തരത്തിൽ തന്നെയാണ് ഡിസൈൻ ചെയ്യുക.

- **ലിങ്ക്സ് :** ഹോം പേജ് ഡിസൈൻ ചെയ്യുമ്പോൾ മറ്റു പേജുകളിലേക്ക് പ്രവേശിക്കുന്നതിന് നൽകുന്ന കണക്ഷനാണ് ലിങ്ക്. മൗസ് ചലിച്ചു തുടങ്ങുമ്പോൾ പോയിന്റർ ഹോം പേജിലെ ലിങ്കുകളെ മനസ്സിലാക്കത്തക്കവിധം അടയാളം തരുന്നു.
- **സർച്ച് എഞ്ചിൻസ് :** ഇൻറ്റർനെറ്റ് ഡയറക്റ്ററീസ്, യെല്ലോ പേജസ് എന്നിവ പോലെ ഇൻഫർമേൻ സർച്ച് ചെയ്ത് കണ്ടെത്തുന്നതിന് ഉപയോഗിക്കുന്നതാണ് സർച്ച് എൻഞ്ചിൻസ് .നമ്മുടെ ടെലിഫോൺ യെല്ലോ പേജസ് പോലയാണ് ഇതിന്റെയും പ്രവർത്തനം. ഒരു കമ്പനി/വ്യക്തി വെബ്സൈറ്റ് ഉണ്ടാക്കുമ്പോൾ ഈ സർച്ച് എഞ്ചിനുകളിൽ ലിസ്റ്റ് ചെയ്തിടുന്നു. ഇതു സംബന്ധിച്ച ഇൻഫർമേഷൻ സംഭരിക്കുന്നതിനായി ആരെങ്കിലും സർച്ച് ചെയ്യുമ്പോൾ സർച്ച് എഞ്ചിനുകൾ ഇവ കണ്ടത്തിക്കൊടുക്കുന്നു.
- സമ്പാ: ശ്രുതി

# "കല്ലാട്ടം മുറ്റത്ത് നെല്ലാടില്ല"



ചിരപുരാതനമായി പറഞ്ഞു പതിഞ്ഞചൊല്ലാണിത്.കാർഷിക കേരളം ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ സമയത്ത് ഈ പഴമൊഴിക്ക് ഏറേ പ്രസക്തിയുണ്ട്. പണ്ടു കാലത്ത് ഇന്നത്തേപ്പോലെ ക്രിക്കറ്റും,ഷട്ടിലും,ബാറ്റ്മിൻറണും ഒന്നുമില്ലാതിരുന്നപ്പോൾ അല്പം ഒഴിവു സമയം കിട്ടുമ്പോൾ കുട്ടികൾ വട്ടമിട്ടിരുന്ന് കല്ലു കൊത്തി കളിക്കും.മിക്കപ്പോഴും വീട്ടു മുറ്റത്തു തന്നെയാകും കുട്ടികളുടെ ഈ ഒത്തുചേരൽ.ഇതു കാണുമ്പോൾ കാരണവൻമാർ മൊഴിയും- "കുട്ടികളേ മതിയാക്കൂ,കല്ലാട്ടം മുറ്റത്ത് നെല്ലാടില്ല".

അക്കാലത്ത് വയലിൽ നിന്ന് നെല്ലുകൊണ്ടു വന്ന് കളം കയറുന്നത് വീടിൻെറ മുറ്റത്തു തന്നെയാണ്.തൂണുകൾ കുഴിച്ചിട്ട് അതിൻമേൽ

മെതിക്കഴ വെച്ചുകെട്ടി അതിൽ പിടിച്ചു നിന്നാണ് കറ്റ മെതിക്കുന്നത്.നെൻമണി കേവലമൊരു ധാന്യമെന്നതിലുപരി ഐശ്വര്യത്തിൻെറ പ്രതീകമായാണ് സങ്കൽപം.വീട്ടു മുറ്റത്ത് കളം കയറി കറ്റമെതിച്ച് നെൽമണികൾ മുറ്റത്ത് വീഴുന്നത് ഐശ്വര്യമായിട്ടാണ് കരുതിപ്പോന്നത്.ചുരുക്കത്തിൽ കല്ലു കൊത്തികളിക്കുന്ന മുറ്റത്ത് ഐശ്വര്യലക്ഷ്മിയായ നെല്ലാടില്ല., അഥവാ മുറ്റത്ത് കളം കയറുവാൻ വയലിൽ നെല്ലുണ്ടാകില്ല.വയലിൽ നെല്ലു വിളഞ്ഞെങ്കിലല്ലേ നെൻ മണികൾ മുറ്റത്തെത്തൂ.

ഈ ചൊല്ലിൻെറ പിന്നിലേ കഥയിതാണെങ്കിൽ ഇനി കഥയിലെ കാര്യം കൂടി നോക്കാം.കല്ലാടുക അഥവാ കല്ലുകൊത്തികളിക്കുക എന്ന പഴഞ്ചൊല്ലിലെ പ്രയോഗം പ്രതീകാത്മകമാണ്.ഇളം തലമുറ കൃഷിയിലും കൃഷികാര്യങ്ങളിലും വേണ്ടത്ര താൽപര്യം കാണിക്കാതെ കളിച്ചും ഉല്ലസിച്ചും നടക്കുന്നതിനാൽ വയലിൽ യഥാവസരം കൃഷിയിറക്കുവാനും കൃഷി പ്രവർത്തികൾ നോക്കി നടത്തുവാനും ആളില്ലാത്ത അവസ്ഥയുണ്ടാകും.അതായത് വീട്ടു മുറ്റത്ത് നെല്ലാടില്ലെന്ന് മാത്രമല്ല,നെൽകൃഷി അന്യമാകുന്ന അവസ്ഥാകും ഫലം.

നമ്മുടെ വർത്തമാനകാലകാർഷിക രംഗം വിലയിരുത്തുമ്പോൾ ഈ ചൊല്ല് എത്രമാത്രം പരമാർത്ഥമാണ്.പടിക്കൽ പാടവും കന്നും കയ്യാലയും സംരക്ഷിച്ചിരുന്ന കാർഷിക പശ്ചാത്തലം നമുക്ക് കൈമോശംവന്നിരിക്കുന്നു.നെൽപാടങ്ങളേറയും നാമാവശേഷമായി.കൃഷി ചെയ്യാതെ തരിശ്ശു കിടക്കുന്ന വിരിപ്പു നിലങ്ങൾ കുട്ടികളുടെ ക്രിക്കറ്റ് പിച്ചാണിന്ന്.നെൽ കൃഷിയെന്നാൽ മലയാളിയെ സംബന്ധിച്ച് ഒരു ജീവിത സംസ്കൃതിയുടെ സന്ധിബന്ധം തന്നെയായിരുന്നു.നമ്മുടെ ചടങ്ങുകൾക്കെല്ലാം നെൽ പറ വേണം.ആദ്യാക്ഷരം കുറിക്കുന്നത് അരിയിലാണ്, മരണാനന്തര ചടങ്ങുകൾക്കും,പിതൃതർപ്പണത്തിനും അരിചേർത്തുള്ള അക്ഷതം വേണം. ഇല്ലംനിറയും,നിറപ്പുത്തരിയും, പറയ്ക്കെഴുന്നള്ളിപ്പെല്ലാം നെല്ലുമായി ബന്ധപ്പെട്ട അനുഷ്ട്ടാനങ്ങളിൽ ചിലതു മാത്രം. അരി ആഹാരപ്രിയരായ കേരളീയരെ സംബന്ധിച്ച് നെല്ലും നെൽപ്പാടവും നെൽകൃഷിയും മറ്റും ഒരു ആത്മസ്പർഷം തന്നെയായിരുന്നു. ഓരോ വർഷവും നഷ്ടമായിക്കൊണ്ടിരിക്കുന്ന, തരിശ്ശു കിടക്കുന്ന നെൽപ്പാടങ്ങളുടെ കണക്കെടുക്കുകയാണിന്ന് നാം.

ഒരു പുഴുക്കനും ഇരുപുഴുക്കനുമായി നെല്ലുപുഴുങ്ങിക്കുത്തി അരിയാക്കി ആഹരിച്ചിരുന്ന നമുക്ക് അഞ്ചുകിലോ, പത്തുകിലോ കണക്കാക്കി കുട്ടിച്ചാക്കിൽ

നിറച്ചുവരുന്ന മില്ലരിയോടാണ് ഇന്ന് പഥ്യം. കൈയിൽ ആവശ്യത്തിന് പണവും ചാക്കിൽ നിറച്ച് അരിയും സുലഭമായി കിട്ടുമ്പോൾ നമുക്കെന്തിന് നെൽപ്പാടങ്ങൾ? നമുക്കെന്തിന് നെൽകൃഷി? ഇതാണ് ഉത്തരാധുനിക ചിന്ത. പക്ഷെ ഒരു യാഥാർഥ്യം നാം മറന്നുകൂടാ. മണ്ണിൽ വിത്തെറിഞ്ഞ് വിള കൊയ്തെടുക്കാതെ ചാക്കിലാക്കി കിട്ടുന്ന ഈ അരി ആഹാരമായി നമ്മുടെ തീൻമേശയിലെത്തുന്നില്ലാ. ഓരോ നെന്മണി കതിരിടുന്നതിനും കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് നാം ആഹരിക്കുന്നത്.

കൃഷിയോടും കൃഷിയിടത്തോടും നാം കാട്ടുന്ന അലസതയും അലംഭാവവും പഞ്ചാബിലെയും ഹരിയാനയിലേയും തമിഴ് നാട്ടിലേയും കർഷകർക്കും കർഷകതൊഴിലാളികളും ഉണ്ടാകാതിരുന്നാൽ നമുക്ക് അന്നം മുട്ടില്ല.അതല്ലേ യഥാർത്ഥ്യം?

കാർഷിക മേഖലയിലെ പ്രശ്നങ്ങളെകുറിച്ചും പ്രതിബന്ധങ്ങളെ കുറിച്ചും പേർത്ത് പേർത്ത് പറയുന്നവരാണ് നാം.എല്ലാ പ്രതിബന്ധങ്ങളും പരി ഹരിച്ചിട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?നമ്മേക്കാൾ ഭൂമി ശാസ്ത്രപരവും,കാലാവസ്ഥാപരവുമായ പ്രതികൂലാവസ്ഥകളെ എല്ലാം തൃണവത്ഗണിച്ച് കൊണ്ട് വിളയിറക്കി നൂറുമേനി വിളകൊയ്യുന്ന അയൽ

**സംസ്ഥാനങ്ങളിലെ അദ്ധ്വാനശീലരായ കൃഷിക്കാരാണ് നമുക്ക് മാതൃകയാകേണ്ടത്.കാർഷിക മേഖലയിൽ കേരളത്തിൻെറ പ്രധാന പ്രശ്നം മണ്ണിലേക്കിറങ്ങാനുള്ള നമ്മുടെ മടിയും സഹജമായ അലസതയുമാണ്.ഒരു ചുവട് കറിവേപ്പ് പോലും അടുക്കളമുറ്റത്ത് നട്ടുവളർ ത്താതെ ഒരു കതിർപ്പ് കറിവേപ്പിലക്കു പോലും മലക്കറി കടകളെ ആശ്രയിക്കുന്ന കേരളീയ മനോ ഭാവത്തിലാണ് അടിസ്ഥാനപരമായ മാറ്റമുണ്ടാകേണ്ടത്.**

***കല്ലാട്ടം മുറ്റത്ത് നെല്ലാടില്ലെന്ന് നമ്മുടെ കാരണവൻമാർ പതിറ്റാണ്ടുകൾക്കു മുൻപ് പറഞ്ഞു വച്ചത് എത്രയോ ശരിയാണ്.കൃഷിവികസനം ലക്ഷ്യമാക്കി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്കരിച്ചാലും,കോടാനുകോടി രൂപ ചെലവഴിച്ചാലും കേരളീയ സമൂഹത്തിൻെറ കൃഷിയോടുള്ള കാഴ്ചപ്പാട് മാറാതെ നമുക്ക് രക്ഷപ്പെടാൻ കഴിയില്ല.പൊതുവായ പൊങ്ങച്ചവും ജാടയും ഉപേക്ഷിച്ച് മണ്ണിലേക്കിറങ്ങുവാനും അദ്ധ്വാനിക്കാനുമുള്ള ഇച്ഛാശക്തിയുണ്ടെങ്കിൽ കേരളത്തിൻെറ കാർഷികമേഖല സമ്പൽസമൃദ്ധമാകും***

***സമ്പാ :ആതിര***

# *ജീവിതം*

**ജ്ജീവിത നിമിഷങ്ങളിൽ**

**എൻകാൽ സ്പർശനം**
**ഏൽക്കാത്ത ദിനങ്ങൾ,**
**ദൈവാനുഗ്രഹത്താലും**
**ജ്ജീവിതം തന്ന നിമിഷങ്ങളിൽ**
**അറിയാതെ താലോലിച്ച്,**
**എൻ ജ്ജീവിതത്തിൽ**
**ചെയ്തുപോയ തെറ്റുകൾ**
**പശ്ചാത്തപിച്ചും,**
**എൻ ജ്ജീതനിമിഷങ്ങൾക്കായി**
**അലയുകയാണ്.**
**അറിവിന്റെ ആദ്യാക്ഷരം**
**തുറന്നപ്പോഴും, ഞാൻ എൻ**
**മനസ്സിനെ ചഞ്ചലപ്പെടുത്തി,**
**എന്നിട്ടും ഞാൻ അറിഞ്ഞില്ല.**
**ഞാൻ ചെയ്ത്പോയ തെറ്റുകൾ**
**ഈ നിമിഷങ്ങളിൽ ഞാൻ എണ്ണി**
**ഓർത്ത് പശ്ചാത്തപിക്കുന്നു,**
***ഈ ജ്ജീവിത നാളുകളിൽ***

# മാതൃദീപം



അമ്മയെന്ന രണ്ടക്ഷരത്തിലുണ്ട്

സർവ്വതും എന്നറിയണം നാം

അമ്മയെന്നാൽ സർവ്വംസഹയെന്നും

വേദനയാൽ ജന്മം നൽകിയവളെന്നും

തൻ വിശപ്പടക്കി നമ്മെ ഊട്ടിയവളെന്നും

നമ്മെ സന്തോഷത്താൽ മൂടിയവളെന്നും

മനസ്സിലാക്കണം നാം എന്നും

ഒത്തിരി സ്നേഹിച്ച് ക്ഷമിച്ചമ്മ ജീവിക്കുന്നൊരു

സഹനശക്തിയേയും ധാത്രിയെപ്പോലെ

സുകൃതപ്രകാശമായ് നിറദീപമായൊപ്പം

തൻകുഞ്ഞിനായ് പ്രാണൻപോലും വെടിയുന്ന

ആ ദിവ്യ സ്നേഹത്തിനുത്തരമാണ് അമ്മ.

# മിന്നുവിന്റെ സഹായം

ഒരിക്കൽ ഒരിടത്ത് ഒരു മഞ്ഞക്കിളി ഒരു മുട്ടയിട്ടു . ആ മുട്ട വിരിയാൻ വേണ്ടി ആ മഞ്ഞക്കിളി മുട്ടയ്ക്ക് അടയിരുന്നു. അല്പസമയത്തിനുശേഷം മുട്ട വിരിഞ്ഞുകഴിഞ്ഞാൽ തന്റെ കുഞ്ഞിന് തീറ്റ കൊടുക്കാൻ വേണ്ടി മഞ്ഞക്കിളി തീറ്റതേടി പോയി . എന്നാൽ ആ സമയത്ത് ആ മുട്ട വിരിയുകയും ഒരു സുന്ദരിയായ മഞ്ഞക്കിളിക്കുഞ്ഞ് അതിൽ നിന്ന് വരുകയും ചെയ്തു. മറ്റനേകം കിളികൾ പറക്കുന്നതു കണ്ട കിളിക്കുഞ്ഞിനും പറക്കണം എന്ന മോഹം മലസ്സിലുദിച്ചു.ഒരുപാടു ശ്രമങ്ങൾക്കു ശേഷം മഞ്ഞക്കിളിക്കുഞ്ഞ് പറന്നു. എന്നാൽ ആ കിളി കുഞ്ഞായിരുന്നതിനാൽ അതികം പറക്കാൻ സാധിച്ചില്ല. കാരണം അതിന് നല്ല ക്ഷീണമുണ്ടായിരുന്നു.അത് താഴെയുള്ള ഒരു മരക്കൊമ്പിൽ ക്ഷീണംകൊണ്ടുവന്നിരുന്നു.ആ മഞ്ഞക്കിളിക്കുഞ്ഞിനെ നോക്കിക്കൊണ്ട്  അവിടെ അടുത്തായി ഒരു കണ്ടൻ പൂച്ച ഉണ്ടായിരുന്നു.കണ്ടൻപൂച്ച വരുന്നതു കണ്ട കിളിക്കുഞ്ഞ് പറക്കാനും അതോടൊപ്പം അതിന്റെ വീട് കണ്ടുപിടിക്കാനും ശ്രമിച്ചു. എന്നാൽ എത്ര ശ്രമിച്ചിട്ടും അതിന് വീട് കണ്ട് പിടിക്കാൻ കഴിഞ്ഞില്ല. പറക്കുന്നതിനിടയിൽ ഒരു മരക്കൊമ്പിൽ തട്ടി അത്

താഴെ വീണു.അപ്പോൾ ആ വഴി മിന്നു എന്നു പേരുള്ള ഒരു പാവം പൂച്ചകുട്ടിയും അവളുടെ ചങ്ങാതിമാരായ പുൽചാടകളുമെത്തി. ആ കുഞ്ഞിക്കിളി പേടിച്ചു എന്ന് മനസ്സിലാക്കിയ മിന്നു അതിനെ സമാധാനിപ്പിച്ചു കൊണ്ട് അവളുടെ പ്രശ്നം തിരക്കി.വീടു കണ്ടുപിടിക്കാൻ കഴിയാത്തതാണ് കാരണം എന്ന് കിളിക്കുഞ്ഞ് മിന്നുവിനെ അറിയിച്ചു.ഞങ്ങൾ നിന്നെ സഹാ യിക്കാമെന്ന് മിന്നു പറഞ്ഞപ്പോൾ പുൽചാടികൾ വിസമ്മതിച്ചുകൊണ്ട് പറഞ്ഞു. ഞങ്ങൾക്കു വേറെ പണിയുണ്ട്. അപ്പോൾ അവരെ ദേഷ്യത്തോടെ പറഞ്ഞയച്ച് മിന്നു തന്റെ മറ്റൊരു ചങ്ങാതിയായ അപ്പു എന്ന അണ്ണാറകണ്ണനെ വിളിച്ചു . അപ്പു വന്നപ്പോൾ കിളിക്കുഞ്ഞ് പേടിച്ചെങ്കിലും അവൾക്ക് മനസ്സിലായി അവർ തന്നെ സഹായിക്കാനാണ് ശ്രമിക്കുന്നതെന്ന് . അപ്പു കാണുന്ന എല്ലാ കിളികളോടും ചോദിക്കാൻ തയ്യാറായി. അപ്പോൾ അവൻ ഒരു മഞ്ഞക്കിളിയെ കണ്ടു. അവൻ ആ കിളിയോട് ചോദിച്ചു :അതെ മഞ്ഞക്കിളി നിന്റെ കുഞ്ഞിക്കിളിയെ കാണാതെപോയിട്ടുണ്ടോ? അവൾ പറന്നു പറന്നു താഴെവന്നുവീണു. ഇപ്പോൾ അവൾ മിന്നുവിന്റെ കൂടെയുണ്ട്. അപ്പോൾ കിളി പറഞ്ഞു:എടാ മണ്ടാ,എന്റെ കുഞ്ഞിന് ഇതുവരെ പറക്കാൻ കഴിഞ്ഞിട്ടില്ല. കാരണം അവൾ കുഞ്ഞാണ്.നീ കണ്ടത് വേറെ ആരുടെയെങ്കിലും

കുഞ്ഞിനെ ആയിരിക്കും.അതു കേട്ടുകൊണ്ട് വന്ന കണ്ടൻപൂച്ച അപ്പുവിനോട് കിളികുഞ്ഞ് എവിടെയെന്ന് തിരക്കി. പേടിച്ചുവിരണ്ട് മിന്നു  കുഞ്ഞിക്കിളിയെയും കൊണ്ട് നിൽക്കുന്ന സ്ഥലം പറഞ്ഞുകൊടുത്തു.അപ്പോൾ കണ്ടൻ പറഞ്ഞു:നീ പറഞ്ഞത് സത്യം അല്ലായെന്നുണ്ടെങ്കിൽ നിന്നെ ഏത്തം ഇടീക്കാനാണ് എന്ന് പറഞ്ഞുകൊണ്ട് കണ്ടൻ പോയി.എന്നാൽ അപ്പു പറഞ്ഞുകൊടുത്ത സ്ഥലം തെറ്റായിരുന്നു.ഇതെല്ലാം കണ്ട കാക്ക കിളിക്കുഞ്ഞിന്റെ അമ്മയെ വിളിക്കാൻ പോയി . മിന്നു നിൽക്കുന്ന സ്ഥലത്ത് വന്ന് മിന്നുവിന്റെ അമ്മ അവളെ വഴക്കു പറഞ്ഞ് എടുത്തുകൊണ്ട് പോകാൻ തുടങ്ങി. ആ സമയം കാക്ക കിളിക്കുഞ്ഞിന്റെ അമ്മയ്ക്ക് തന്റെ കുഞ്ഞിനെ കാട്ടികൊടുത്തു.മിന്നു ഒരു സഹായം ചെയ്തുവെന്ന് അവളുടെ അമ്മയ്ക്ക് മനസ്സിലായി. മഞ്ഞക്കിളിക്കുഞ്ഞും അവളുടെ അമ്മയും മിന്നുവിനോടും അപ്പുവിനോടും നന്ദി പറഞ്ഞു.

സമ്പാ: അന്നാറോജി,9C

# അലമാരയിലെസ്വപ്നങ്ങൾ

ആരാണ്തുടക്കമിട്ടതെന്നറിയില്ലാ . സ്ക്കൂൾ ലൈബ്രറികൾക്കായി ഒരു ചാറ്റിങ്ങ് ഗ്രൂപ്പ് . ലൈബ്രറികൾക്ക് സന്തോഷവും സങ്കടങ്ങളും പങ്കിടാനൊരു വേദി എന്നായിരുന്നു ഗ്രൂപ്പിന്റെ വിശദീകരണ വാചകം .തുടങ്ങിക്കഴിയേണ്ട താമസം ആയിരക്കണക്കിന്



ലൈബ്രറികൾ ഗ്രൂപ്പിലേക്ക് അംഗത്വത്തിനായി അപേക്ഷിച്ചു . പുസ്തകങ്ങൾ മാറ്റിയെടുക്കാൻ വരുമ്പോൾ കുഞ്ഞുമക്കളുടെ മുഖത്ത് വിരിയുന്ന ആ സംതൃപ്തി നിറഞ്ഞ ചിരിയുണ്ടല്ലോ, അതു കാണുമ്പോൾ നമ്മുടെ ജീവിതം എത്ര ധന്യം .എന്ന കുന്നംപുറം ജി യു പി എസ് ലൈബ്രറിയുടെ ആദ്യപോസ്റ്റിന് കിട്ടിയ ലൈക്കുകൾക്ക് കയ്യും കണക്കുമില്ല. എന്റെ പുസ്തകങ്ങൾ ഈ അലമാരയ്ക്കുള്ളിൽ വീർപ്പുമുട്ടുകയാണ് . കുട്ടികൾ ഇടയ്ക്കൊക്കെ വന്ന് ചില്ലിലൂടെ അകത്തേക്കു നോക്കും . അനങ്ങാപ്പാറ എ യു പി ലൈബ്രറി തേങ്ങി .വ ർഷത്തിലൊരു പുസ്തകം വീതമെങ്കിലും അവരുടെ

കൈകളിൽ എത്തിച്ചിരുന്നെങ്കിൽ എന്ന് ഞാനിടയ്ക്കിടെ ആഗ്രഹിക്കും, കുഴിമടി മോഡൽ യു പി നെടുവീർപ്പെട്ടു.

ഓ ഹൃദയഭേദകമാണല്ലോ പലരുടെയും ജീവിതകഥകൾ . ഞങ്ങൾക്ക് ഇപ്പോൾ ക്ലാസ് മുറികളിൽ പോലും പുസ്തകശേഖരമുണ്ട് . അല്പം

അഭിമാനത്തോടെയാണ് നാഥനില്ലാവിലാസം സ്ക്രൂൾ എഴുതിയത് . പക്ഷേ...അതെന്താണ് പോസ്റ്റ് അവിടെവെച്ച് നിർത്തിയത് , മറ്റു ലൈബ്രറികൾ തുരുതുരാ ചോദിച്ചു .ഞങ്ങടെ ഹെഡ്ടീച്ചർ സ്ഥലംമാറി പോയതോടെ.. ഇപ്പോൾ... വല്ലപ്പോഴുമേ.... ലൈബ്രറിക്ക് തൊണ്ട ഇടറി. എനിക്ക് പുസ്തകങ്ങളൊക്കെ ഒരുപാടുണ്ട്. പക്ഷേ , കുട്ടികൾ പറ്റിയവ അവയിൽ വളരെ കുറവാണ് .ഏതോ പ്രസിദ്ധീകരണശാലക്കാർ സ്വാധീനം ചെലുത്തി വാങ്ങിക്കൂട്ടിയ പുസ്തകങ്ങൾ . പലതും തട്ടിക്കൂട്ടിയവ.... മയോപ്പി എച്ച് എസ് ദുഃഖഭാവത്തിലുള്ള  ഇമോജിയുടെ പോസ്റ്റ് നിർത്തി . ഇപ്പോൾ അതിനൊക്കെ മാറ്റം വന്നിട്ടുണ്ട് കേട്ടോ.കുറെയൊക്കെ നല്ല പുസ്തകങ്ങൾ കുട്ടികൾ ക്കായി ഇറങ്ങുന്നുണ്ട്. പുലരി ഗവ. സ്ക്രൂൾ തന്റെ പ്രതികരണമറിയിച്ചു.ഓ ദൃഷ്ടന്തകളൊക്കെ കഴിഞ്ഞ്

പാഠപുസ്തകം തന്നെ വായിക്കാൻ നേരമില്ല. പിന്നെവിടാ സാറേ  പുസ്തകം വായിക്കാൻ നേരം എന്ന് ഒരു രക്ഷിതാവ് പറയുന്നത് ഞാൻ കേട്ടതാ.എന്നാലും ആളുകളിങ്ങനെയൊക്കെ ആകാമോ ?പ്രത്യേക ലൈബ്രറിയൻ വരെ സ്വന്തമായുള്ള ആനപ്പുറം സ്ക്രൂൾ ലൈബ്രറി അത്ഭുതം രേഖപ്പെടുത്തി .അതിലിത്ര അത്ഭുതപ്പെടാനെന്തിരിക്കുന്നു. പിള്ളാർക്ക് മലയാളം വായിക്കാനറിയില്ല എന്ന് പറയുന്നത് അഭിമാനമായി കരുതുന്ന രക്ഷിതാക്കളുടെ എണ്ണം കൂടി വരുകയല്ലേ. ഉട്ടോപ്യൻ വാലി സ്ക്രൂൾ ഉടൻ തന്നെ റിപ്ലേ അടിച്ചു. യുറീക്കാ ബാലവേദി കൂട്ടുകാർ അവതരിപ്പിച്ച അലമാരയിലെ സ്വപ്നങ്ങൾ എന്ന നാടകമാ എനിക്കിപ്പോൾ ഓർമ്മവരുന്നത് . അതുപോലുള്ള നാടകവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെ കഥകളുമൊക്കെ വീണ്ടും അവതരിപ്പിക്കാനുള്ള സമയമായിരിക്കുന്നു .എന്നാലെ പലരുടെയും കണ്ണു തുറക്കൂ. ശുഭരാത്രി . നാളെ കാണാം . പ്രതീക്ഷാപുരം സ്ക്രൂൾ ലൈബ്രറി അന്നത്തെ അവസാനത്തെ പോസ്റ്റിട്ടു.

സമ്പാ: ആദിത്യ

# യൂക്ലീഡ്

ഗണിതശാസ്ത്രത്തിലെ ഒരു പ്രധാന വിഭാഗമായ ജ്യാമിതിയിൽ സുപ്രധാനമായൊരു സ്ഥാനമാണ് യൂക്ലിഡിനുള്ളത്. ഗ്രീക്ക് വംശജനായ യൂക്ലിഡ് ഏജൻസിയിലെ അക്കാഡമികളിലാണ് വിദ്യാഭ്യാസം ചെയ്തത്. ജ്യാമിതിയിൽ അടിസ്ഥാനതത്വങ്ങൾ [എലിമെന്റ്സ് ] എന്ന 13 വാല്യങ്ങളുള്ള ഗ്രന്ഥം യൂക്ലിഡിന്റെഅപ്രമാദിത്വത്തെ സൂചിപ്പിക്കുന്നു.ജ്യാമിതിയിലെ പ്രാഥമികപാഠങ്ങൾ പഠിക്കുവാൻ ഇന്നും പ്രയോഗപ്പെടുത്തുന്നത് ഇദ്ദേഹത്തിന്റെ ഗ്രന്ഥം തന്നെയാണ്.ശാസ്ത്രക്കാരൻ എന്നതിനപ്പുറം മികപ്പുറ്റ ഒരുപാഠപുസ്തകരചയിതാവും യൂക്ലിഡിനെ വിലയിരുത്തപ്പെടുന്നുണ്ട്

ആർച്ച എം ജയപ്രസാദ്

IX E

# മഴനനഞ്ഞോരന്റെ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നാർത്തു

പെരുകുമോരോ മഴക്കും പിന്നെ

എവിടെയോ പോയൊളിക്കും

കാശിതുമ്പികൾ അല്ലോ നമ്മൾ

മഴ വരുംനേരമാർത്ത് വിളിച്ച്

നനഞ്ഞൊരെൻ ബാല്യം

ഒക്കെകണ്ടൊരു ബാല്യം

ഒക്കെകണ്ടൊരു ചിരിയാർന്നു നിൽക്കുമെന്ന്

തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ

ഒരുപാട്ടു സൽക്കരിച്ചിരുന്നു.

സമ്പാ: അനഘ

# പ്രതീക്ഷ

മണ്ണും ചരലും കുഴികളും നിറഞ്ഞ പാതയിലൂടെ അവൾ നടക്കുകയാണ്. തന്റെ അച്ഛനുള്ള ചോറ് ഒരു പാത്രത്തിൽ വെച്ച് അവൾ തന്റെ കൈയിൽ ഭദ്രമായി വച്ചിരുന്നു. അവൾ ചുറ്റും നോക്കികൊണ്ട് നടന്നു. പണ്ടവിടെ ഒരുപാട് പുഴകളും മരങ്ങളും കുടിലുകളുമുണ്ടായിരുന്നു. അന്നവൾ ഇതുവഴി നടക്കുമ്പോൾ അവളുടെ കൂട്ടിന് കിളികളും,പൂമ്പാറ്റകളും, പിന്നെ മധുരമായ പുഴയുടെ ഗാനവുമുണ്ടായിരുന്നു. എന്നാലിന്ന് ഫാക്ടറികളുടെ പേടിപ്പെടുത്തുന്ന എന്തോ ശബ്ദവും കൂട്ടിന് കുറച്ച് വിഷപ്പുകയും മാത്രമേ ഉള്ളു . വികസനത്തിന്റെ പേരിൽ എല്ലാം ഇടിച്ചു നികത്തിയിട്ട് പുതിയ സ്ഥാപനങ്ങൾ അവർ കെട്ടിപ്പൊക്കി. എന്നാൽ ആ കുഴികൾ നിറഞ്ഞ റോഡിന്റെ കാര്യത്തിൽ ഇതുവരെ തീരുമാനമായില്ല. എന്തായാലും ഇതൊക്കെ അനുഭവിച്ചേ പറ്റൂ എന്ന ഭാവത്തിൽ അവളൊരു നീണ്ടനെടുവീർപ്പിട്ടു.

ആകാശമാകെ ഇരുണ്ടുകയറി. എന്നാലും മഴപെയ്യില്ലെന്ന് അവൾക്ക് ഉറപ്പുണ്ടായിരുന്നു. കാരണം മഴ ഇവിടം സന്ദർശിച്ചിട്ട് തന്നെ മാസങ്ങളായി.എങ്ങനെ,ക്ഷണിക്കാൻ മരങ്ങളുണ്ടെങ്കിലല്ലേ മഴ വരൂ. എന്തായാലും അവൾ കുട കൈയ്യിൽ കരുതി.

അപ്പോഴാണ് അവൾ അത് ശ്രദ്ധിച്ചത്, ആരോ തന്നെ പിൻതുടരുന്നു എന്ന് അവൾക്ക് തോന്നിയത്. അവൾ തിരിഞ്ഞു നോക്കി . എന്നാൽ ആരുമില്ലാ അവൾക്ക് നേരിയ ഭയം തോന്നി. എന്തോ ശബ്ദം അവൾ കേട്ടു.അവൾ നടത്തത്തിന് വേഗത കൂട്ടി. ശബ്ദം അടുത്തടുത്തു വന്നു. അവൾ പേടിച്ചു പോയി. അവൾ ഓടാൻ തുടങ്ങി. തന്റെ അടുത്തെങ്ങും ഒറ്റ മനുഷ്യരില്ലാ. ഉടൻ അടുത്ത പട്ടണത്തിൽ എത്തണം. അവിടെ ആകുമ്പോൾ ഒരുപാടു ആളുകളുണ്ട്.അവിടെ ആർക്കും തന്നെ ഒന്നും ചെയ്യാനാകില്ലാ. അവൾ ഓടിയോടി അടുത്ത പട്ടണത്തിൽ എത്തി. എവിടെ ആളുകൾ തേരാ പാരാ നടക്കുന്നുണ്ടായിരുന്നു. ഇനി തനിക്കൊന്നും പറ്റില്ല. അവൾ സമാധാനത്തോടെ നടന്നു. എന്നാൽ പെട്ടന്ന് രണ്ടുപേർ ഓടി വന്ന് അവളുടെ കഴുത്തിൽ കിടന്ന സ്വർണ്ണ മാല പൊട്ടിച്ച് ഒരു

ബൈക്കിൽ കയറി പാഞ്ഞു പോയി. എല്ലാം ഒരു മിന്നായം പോലെ കഴിഞ്ഞു. അയ്യോ എന്റെ മാല പെട്ടന്നവരെ പിടിക്കൂ. അവൾ ആ ജനസമൂഹത്തോട് യാചിച്ചു. എന്നാൽ എല്ലാവരുമാകട്ടെ ആ കാഴ്ച്ച കണ്ട്നിന്നു. ചിലരാകട്ടെ അതിന്റെ ദൃശ്യവും പകർത്തി കഴിഞ്ഞിരിക്കുന്നു. അവൾ ഞെട്ടി പോയി. എല്ലാവർക്കും ഇതെന്തു പറ്റി. ഇങ്ങനെ ഒരു സംഭവം നേരിൽ കണ്ടിട്ടും ആരും പ്രതിക്കരിക്കുന്നില്ലാ. അവൾ ഒന്നും നോക്കാതെ അവരുടെ പിന്നാലെയോടി. ഓട്ടത്തിനിടെ അവളുടെ കൈയ്യിൽ ഉണ്ടായിരുന്ന ചോറ്റുപാത്രം താഴെ വീണു. അവൾ പെട്ടന്നു നിന്നു. തന്റെ അച്ഛനുള്ള ചോറു റോഡിൽ വീണു മണ്ണും പൊടിയും പറ്റി. അവൾ അവിടെ ഇരുന്നു പൊട്ടിക്കരഞ്ഞു. അവൾ കരഞ്ഞുകൊണ്ടിരിക്കുന്ന ഫോട്ടോ ഒരാൾ എടുത്തു. ഇന്നു ഇതു ഫേസ് ബുക്കിൽ ഇടണം. ഇതും പറഞ്ഞു അയാളും പോയി.   അവൾ ഒഴിഞ്ഞ പാത്രവുമെടുത്തു നടന്നു നീങ്ങി. പട്ടണത്തിലുള്ള ഏക പോലീസ് സ്റ്റേഷ നാണ് മുന്നിൽ. അവൾ രണ്ടും കൽപ്പിച്ച് അകത്തേക്ക് കടന്നു.

ഒരുപാട് പോലീസുകാർ, എല്ലാവരും ഫോണിൽ കളിയോട് കളി.ആദ്യമായാണ് പോലീസ് സ്റ്റേഷനിൽ.അവൾ

പേടിച്ച് പേടിച്ച് അവരെ വിളിച്ചു. ഉം എന്താ കൊച്ചേ നിനക്കിവിടെ കാര്യം?

അ....അത് ഒരു പരാതിയുണ്ട്

ഹ...ഹ...ഹ ... നിനക്കോ? എന്ത് പരാതി?

ഒരാൾ എൻെറ സ്വർണ്ണമാല മോഷ്ടിച്ചു.എങ്ങനെയെങ്കിലും അവരെ പിടികൂടണം സാർ അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു.

ആ കരയണ്ട പോയി സാറിനെ കാണ്

അവൾ മറ്റൊരു മുറിയിലേക്ക് കടന്നു. ആ പോലീസുകാരനും ഫോണിലാണ്.അവൾ നോക്കിയപ്പോൾ അയാളുടെ തൊപ്പി താഴെ കിടക്കുന്നു.അതുപോലും അയാൾ അറിഞ്ഞിട്ടില്ല.

സാർ.....സാറേ അവൾ വിളിച്ചു.

ങേ, എന്താ...എന്താ അയാൾ ചോദിച്ചു.

അത് സാറ് ഒരാൾ എൻെറ സ്വർണ്ണമാല പൊട്ടിച്ചു.എങ്ങനെയെങ്കിലും അവരെ പിടികൂടണം സാർ

ഹ....ഹ....ഹ മാലയോ? ഹ...ഹ...ഹ അങ്ങനെയുള്ള ചെറിയ കാര്യ ങ്ങൾചെയ്യാനല്ല ഞാനിരിക്കുന്നത്.വല്ല കൊലപാതകമോ,

മരണമോ അങ്ങനെയുള്ള കാര്യങ്ങൾ വല്ലതും പറയ്. അയാൾ ദേഷ്യപ്പെട്ടു.

പിന്നെയിതൊക്കെ ആരോടാ സാർ പറയേണ്ടത്.

ആകെയുള്ളത് പോലീസ് സ്റ്റേഷനാണ്.സാറു കൂടിയിങ്ങനെ പറഞ്ഞാൽ സാധാരണ കാരെന്ത് ചെയ്യും?അവൾ ചോദിച്ചു.

അ...അത് നിങ്ങളാണ് മാല സൂക്ഷിക്കേണ്ടത്. സൂക്ഷിച്ചാൽ ആരും മോഷ്ടിക്കില്ല.അയാൾ വാക്കുകൾക്ക് വേണ്ടി പരതി.

ഹും സാറിനോടു പറയാൻ വന്ന ഞാനാണ് മണ്ടി.

മടിയാണെങ്കിൽ പറഞ്ഞാൽ പോരെ. എന്റെ അച്ഛൻ കഷ്ടപ്പെട്ട് വാങ്ങി തന്നതാ അത് നഷ്ടപ്പെട്ടന്നറിഞ്ഞാൽ അച്ഛൻ ഒരുപാട് വിഷമിക്കും.അവൾ പറഞ്ഞു.

നീയെന്നെ മടിയനെന്നു വിളിച്ചോ? ഹും നിൻെറ അച്ഛൻ വിഷമിക്കുന്നതിന് ഞാനെന്തു ചെയ്യണം. ഇറങ്ങി പോടി....

അയാൾ അലറി. അവൾ കരഞ്ഞു കൊണ്ട് അവിടെ നിന്ന് ഇറങ്ങി. ആകാശം ഇരുണ്ടുകയറി, മേഘങ്ങൾ പതിയെ

സഞ്ചരിച്ചു. ഓരോ തുള്ളിയും മണ്ണിൽ വീണ് ചിതറി. മണ്ണിൻെറ ഗന്ധമുയർന്നു. തന്റെ കൈയിൽ കുട യുണ്ടെങ്കിലും അത് തുറക്കാതെ അവൾ ഓരോ തുള്ളിയും ഏറ്റുവാങ്ങി. ഇനിയെങ്ങോട്ടാണെന്നറിയാതെ അവൾ എന്തോ ചിന്തയിൽ മുഴുകികൊണ്ട് തൻെറ അച്ഛന്റെ പാത്രം മുറുകെപിടിച്ചു കൊണ്ട് പ്രതീക്ഷകൾ അവസാനിപ്പിച്ച് സങ്കടത്തിന്റെ കുന്നിറങ്ങി അവൾ ഇരുട്ടിൽ മറഞ്ഞു.



**Aarsha .A.L**

*VIII B*

# *FRIENDS*

**I love my friends**

**my kind- heartly friends**

**my sweet friends**

**oh my dear friends**

**they play with me**

**they dance with me**

**they walk with me**

**my dear friend**

**my sweet friend**

**oh my little friend**

**i love my friend**

*I love my friend*

# TIPS TO SAVE WATER, FROM KITCHEN TO PADDY

- *Avoid leakage of water from the taps*
- *Turn the tap off when not in use especially when you brush your teeth or wash clothes...*
- *The water supply should be limited in those areas which enjoys the unlimited water supplies*
- *Check the leakage of water in the toilets. Also get check the hidden water leaks...*
- *Never throw the water unnecessary on roads and paths which can be used for gardening and cleaning.*
- *Avoid unnecessary flushing the toilets*
- *Use duals flushing system in bathroom*
- *Dispose off the tissues, cigarettes and other wastes into the bin instead of toilets.*
- *Use minimum amount of water to bath.*
- *Water wastes restrictions.*
- *Improvement in the water distribution system.*
- *Water your lawn only when it is needed*

- ***Watering the planets and gardens on early morning and evening only in summer***
- ***Use a broom instead of hose to clean the side walks or to wash the car.***
- ***Capture the water that is leaking and repair it as soon as possible.***
- ***You can use washing machine to wash clothes that does not consume much water***
- ***Do not leave the tap running while washing the dishes in the kitchen.***
- ***Install small shower heads to reduce the flow of water.***
- ***Rainwater harvesting is the another method to conserve water***
- ***Catch the rain where it falls***
- ***Conserve the nature water bodies like pond, streams, river, lake wet lands ect***
- ***Recharge the open well with rain water***
- ***Use spring methods for irrigation***
- ***Report timely to the authorities about public tap leakage.***

*REF. INTERNET*

# FRIENDSHIP

If i could catch a rainbow,
i would do it just for you
and share with you its beauty
on the days you're feeling blue...

If i could build a mountain
you could call your very own
a place to find serenity,
a place to be alone...

If i could take your troubles,
I would toss them in the sea
But all these things I'm finding--
are impossible for me,

I can not build a mountain
or catch a rainbow fair
But let me be what i know best--
*A friend that's always there.....*

# *Friends Are Angels*

**Our friends are like angels**
**Who brighten our days**
**In all kinds of wonderful,**
**Magical ways**
**Their thoughtfulness comes**
**As a gift from above,**
**And we feel we're surrounded**
**By warm, caring love.**
**Like upside-down rainbows,**
**Their smiles bring the sun,**
**And they fill ho-hum moments**
**With laughter and fun.**
**Friends are like angels**
**Without any wings,**
**Blessing our lives**
**With the most precious things.**

**ASIYA BEEVI.S**

# LESS SALT, GOOD SLEEP

Tired of walking up at night to use the bathroom? Try cutting your salt intake. According to Japanese study presented at the European society of Urology annual meeting, lowering your salt intake could reduce the urge to pee at night

The problem called nocturia mostly affects people above age 60, and the frequent disruption of sleep can lead to other problems such as stress, irritability or tiredness, and can affect people's quality of life. The researchers asked 321 Japanese men and women who had high salt intake and sleeping problems to reduce their salt intake and were followed for 12 weeks; 223 participants reduced their salt intake. Their average night time bathroom trips fell down 2.3 times to 1.4 times.The number of times they needed to pee during the day also decreased.

Fever night time bathroom visit meant better sleep and their quality of also improved.However, 98 participants increased their salt  more intake and they woke up more time to use the bathroom.

# THE LION AND THE BOAR

It was a hot summer day. A lion and a boar reach a small water body for a drink. They being arguing and fighting about who should drink first. After a while, they are tired and stop for breath, when they notices vultures above. Soon they realize that the vultures are waiting for one or both of them to fall, to feast on them. The lion and the boar then decide that it was best to make up and be friends than fight and become food for vulture. They drink the water together and go their ways after.

**Moral : Those who are strive are often watched by others to take advantages of their defeat.**

*BY .ADITHYA*

# ഈ വർഷത്തെ പ്രവർത്തനങ്ങളിലേക്ക് ഒരു എത്തി നോട്ടം
















2019/11/18 15:43


ശിശുദിന
റാലി



# *OUR LITTLE KITES*









# IT മേള സബ് ജില്ല വിജയികൾ



VISMAYA RB

WEBDESIGNINING

NANDANA AP



MULTIMEDIA PRESENTATION

digital painting :PRANESH RAJ



SCRATCH : ALEN .MC



**MALAYALAM COMPUTING:ADITHYA P.A**




നന്ദി